താമരശ്ശേരി ഗ്രാമ പഞ്ചായത്ത്

# നീർത്തടാധിഷ്ഠിത വികസന റിപ്പോർട്ട്

തയ്യാറാക്കിയത്

ഗ്രാമപഞ്ചായത്തുതല സാങ്കേതിക സമിതി

താമരശ്ശേരി ഗ്രാമ പഞ്ചായത്ത്

# അവതാരിക

കോഴിക്കോട് ജില്ലയിലെ കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെടുന്ന താമര ശ്ശേരി ഗ്രാമ പഞ്ചായത്ത്, പ്രകൃതിമനോഹരമായ ഒരു ഭൂപ്രദേശമാണ്. പുഴകളും തോടുകളും അതിരിടുന്നുണ്ടെങ്കിലും വേനൽക്കാലത്ത് ഇവിടെ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നു.

ഹരിതകേരളം മിഷനിലുൾപ്പെടുത്തി, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴി ലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തി മണ്ണ് ജലസംരക്ഷണ പരിപാ ലന പ്രവൃത്തികൾ നടപ്പിലാക്കാനാണ് ഈ നീർത്തട രൂപരേഖ ലക്ഷ്യമിടുന്നത്. നിർമ്മിതികൾ കഴിയുന്നത്ര ഒഴിവാക്കി കയർഭൂവസ്ത്രം ഉപയോഗിച്ച് ജൈവ അണകൾ രൂപപ്പെടുത്തിയും, മലിനമായ ജലാശയങ്ങളെയും ജലം കെട്ടിനിൽക്കുന്ന പ്രദേശങ്ങളെയും വൃത്തിയാക്കിയും നിർഗ്ഗമന നാളികൾ രൂപപ്പെടുത്തിയും, ഭൂജല പരിപോഷണവും ഉപരിതല ജലസംഭരണവും കാര്യക്ഷമമാക്കിയും പരിസ്ഥിതി സൗഹൃദവും ശുദ്ധജല സമൃദ്ധവുമായ നീർത്തടങ്ങൾ രൂപപ്പെ ടുത്താനുള്ള പ്രവർത്തനങ്ങളുമാണ്, ഈ ലക്ഷ്യത്തിനായി രൂപീകൃതമായ സാങ്കേതികസമി തിയും ഒപ്പം കൂടെനിന്ന് ക്രിയാത്മക നിർദ്ദേശങ്ങൾ നൽകിയ ജന പ്രതിനിധികളും നാനാവിഭാ ഗത്തിൽപ്പെട്ട ജനങ്ങളും വിഭാവന ചെയ്യുന്നത്. നാട്ടറിവുകളും പരമ്പരാഗത കാർഷികചര്യ കളും കൃഷി, മണ്ണ്സംരക്ഷണം, ജലസേചനം, മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, മൃഗസംരക്ഷണം എന്നീ വിവിധ സർക്കാർ വകുപ്പുകളോടെയും കുന്ദമംഗലം ജലവിഭവ ഗവേഷ ണകേന്ദ്രം തുടങ്ങിയവയുടെയും നിർദ്ദേശങ്ങളും വിവരങ്ങളും ഉൾപ്പെടുത്തിയാണ് ഈ രൂപ രേഖ തയ്യാറാക്കിയിട്ടുള്ളത്. താമരശ്ശേരി പഞ്ചായത്തിന്റെ ദീർഘകാല പുരോഗതിക്കും, പരി സ്ഥിതി - ജൈവ വൈവിധ്യ സംരക്ഷണത്തിനും പുതിയ വീക്ഷണവും ഗതിവേഗവും ലഭിക്കു മെന്ന പ്രതീക്ഷയോടെ ഇത് സമർപ്പിക്കുന്നു.

ഗ്രാമപഞ്ചായത്ത് സാങ്കേതിക സമിതിക്കുവേണ്ടി
കൺവീനർ
അസിസ്റ്റന്റ് എഞ്ചിനീയർ
ജലസേചന ഗുണനിലവാര നിയന്ത്രണ ഉപകേന്ദ്രം,കോഴിക്കോട്

## ഉള്ളടക്കം


| എണ്ണം | വിവരണം | താളുകൾ |
|---|---|---|
| 1 | ആമുഖം | 6 |
| 1.2 | **മാസ്റ്റർപ്ലാൻ രൂപീകരണ പശ്ചാത്തലം** | 9 |
| 1.3 | **പ്രവർത്തനങ്ങൾ** | 9 |
| 1.3.1 | **സാങ്കേതികസമിതി രൂപീകരണം** | 9 |
| 1.3.2 | **വിവരശേഖരണം** | 9 |
| 1.3.3 | **വിവരങ്ങളുടെ ക്രോഡീകരണം** | 10 |
| 1.3.4 | **നീർത്തട റിപ്പോർട്ട് അംഗീകരിക്കൽ** | 10 |
| 2. | **പൊതുവിവരങ്ങൾ** | 10 |
| 2.1 | **ലഘുവിവരണം** | 10 |
| 2.2 | **ചരിത്രം** | 11 |
| 3.1 | **മഴലഭ്യതാ പട്ടിക** | 13 |
| 3.2 | **ചെറു നീർത്തട ഭൂപടം** | 14 |
| 3.3 | **വാർഡ് ഭൂപടം** | 15 |
| 3.4 | **ഭൂമിയുടെ തരം തിരിച്ചുള്ള ഉപയോഗ ഭൂപടം** | 16 |
| 3.5 | **കൃഷി ഇനങ്ങൾ-** | 17 |
| 3.6 | **മണ്ണിനങ്ങൾ-** | 18 |
| 3.7 | **ഭൂജല ഭൂപടം-** | 19 |
| 3.8 | **തോടുകളും പുഴകളും- ഭൂപടം** | 20 |
| 4 | നീർത്തടങ്ങളും വാർഡുകളും | 21 |
| 4.1 | കരിവാരംകണ്ടി-1 നീർത്തടം- | 21 |
| 4.2 | കരിവാരംകണ്ടി-2 നീർത്തടം- | 25 |
| 4.3 | കോളിക്കൽ നീർത്തടം | 27 |

| | | |
|---|---|---|
| 4.4 | കുരിമുണ്ട നീർത്തടം | 30 |
| 4.5 | പാലക്കൽ നീർത്തടം | 32 |
| 4.5 | തച്ചൻ പൊയിൽ നീർത്തടം | 35 |
| 4.7 | വട്ടക്കുണ്ട് തോട് നീർത്തടം | 38 |
| 3 | പരിസ്ഥിതി സ്വാധീന പഠനം | 41 |
| 6 | ഉപസംഹാരം | 42 |
| 7 | ചിത്രങ്ങൾ | 43 |

## 1. ആമുഖം

വികസനത്തിന്റെ കാഴ്ചപ്പാടുകൾ ആഗോളതലത്തിൽ മാറുകയാണ്. ഭൂമിയുടെ സ്ഥായിയായ നിലനിൽപ്പിനും സുസ്ഥിര വളർച്ചയ്ക്കും ഇക്കാലമത്രയും കരുതിപ്പോന്ന ധാരണ കൾ പുനർനിർവചിക്കേണ്ടതുണ്ട്. മണ്ണും, ജലവും, ജലം മണ്ണിൽ തങ്ങി നിൽക്കുന്ന കാലപരിധി യും, സസ്യങ്ങളും, സകല ജീവജാലങ്ങളും, അന്തരീക്ഷോഷ്മാവും എപ്രകാരം പരസ്പര ബന്ധിതങ്ങളാണെന്നും, ലോകം മാറി ചിന്തിച്ചു തുടങ്ങിയിരിക്കുന്നു. ഇവയുടെ പരസ്പര ബന്ധിതവും സുസ്ഥിരവുമായ നിലനിൽപ്പിന്, പ്രത്യുത്പാദനപരമായ സ്വാഭാവിക പരിണാമ ത്തിന് നീർത്തടം എന്ന സൂക്ഷ്മവും അതേ സമയം സ്ഥൂലവുമായ ഘടകത്തെ അടിസ്ഥാന മാക്കി നാം ചിന്തിച്ചു തുടങ്ങിയിരിക്കുന്നു. പോയ നൂറ്റാണ്ടിന്റെ അന്ത്യപാദം മുതൽ കേരളം ഈ വഴിയിൽ അന്വേഷണം തുടങ്ങുകയും ഏറെ മുന്നേറുകയും ചെയ്തിരിക്കുന്നു.

മനുഷ്യൻ കൽപ്പിച്ചു നിർമ്മിക്കുന്ന വിഭജന രേഖകൾ ജലത്തിന് ബാധകമല്ല. ജലം അതിന് യോജിച്ച പാത തിരഞ്ഞെടുക്കുന്നു. ചിലപ്പോൾ അത് സ്വയം വഴിമാറിയേക്കാം. അതിന് പ്രളയമോ അതിവൃഷ്ടിയോ ഭൂകമ്പമോ കാരണമായേക്കാം. ഈ പ്രകൃതി വിഭവങ്ങൾ മനുഷ്യനിർമ്മിതമല്ല. മനുഷ്യനിയന്ത്രിതവുമല്ല. അതിനാൽ തന്നെ അവയെ മനുഷ്യന്റെ പരിമി തികൾക്കുള്ളിൽ നിന്ന്, എന്നാൽ പരമാവധി സൂക്ഷ്മതയോടെ കൈകാര്യം ചെയ്യുക എന്ന താണ് ദീർഘവീക്ഷണത്തോടുകൂടിയ വികസന കാഴ്ചപ്പാടുകൊണ്ട് അർത്ഥമാക്കുന്നത്.

കേരളംപോലെയുള്ള ഭൂപ്രദേശത്ത് മഴ മാത്രമാണ് ജലസ്രോതസ്സ്. ഭൗമോപരിതല ത്തിൽ പതിക്കുന്ന ജലകണികകൾ എത്ര കൂടുതൽ സമയം ഉപരിതല മൺപാളികളിൽ തങ്ങി നിൽക്കുന്നു അഥവാ മെല്ലെ നീങ്ങുന്നു, ലംബമായി എത്രയാഴത്തിൽ കിനിഞ്ഞിറങ്ങുന്നു, പിന്നെ താഴെക്കൊഴുകുന്നു എന്ന അടിസ്ഥാന അന്വേഷണത്തിലൂടെ മലനിരകളിലും, ഇടനാടു കളിലും പ്രകൃതി നിയമങ്ങൾക്കനുസൃതമായി എത്രകണ്ട് ജലസംരക്ഷണം സാധ്യമാക്കാം എന്ന താണ് നീർത്തടാധിഷ്ടിത വികസനത്തിന്റെ ആദ്യസമസ്യ.

മനുഷ്യൻ ഇടപെടാത്തിടത്തോളം പ്രകൃതി അതിന്റെ പരിശുദ്ധി നിലനിർത്തുന്നു. മീനു കൾ വളരുന്നു എന്നതുകൊണ്ട് എത്ര കടുത്ത മാംസാഹാര വിരോധിയും കാട്ടുചോലയിലെ വെള്ളം കുടിക്കാതിരിക്കുന്നില്ല. ഇലകൾ വീണലിഞ്ഞതുകൊണ്ട് കാട്ടുചിറകളിലെ ജലം ഉപയോ ഗയോഗ്യമല്ലാതാകുന്നില്ല. കാരണം ഇവയെല്ലാം സ്വാഭാവികമായി രൂപംകൊണ്ടവയാണ്. മനു ഷ്യൻ തടഞ്ഞുവെക്കാൻ ശ്രമിക്കുമ്പോൾ ജലം പിണങ്ങുന്നു സ്വാഭാവികമായ ഒഴുക്കുതടസ്സപ്പെടു

മ്പോൾ അത് സ്വയം നശിക്കുന്നു. പിന്നെ സർവ്വനാശം. കൃഷി അസാധ്യമാകുന്നു. ജീവജാലങ്ങൾ അപ്രത്യക്ഷമാകുന്നു. ദാഹജലം ലഭിക്കുന്നില്ലെങ്കിൽ പിന്നാലെ മനുഷ്യനും കുടിയൊഴിഞ്ഞ് അതൊരു ശ്മശാനമൂകഭൂമിയാകുന്നു.

പ്രകൃതിക്കിണങ്ങുന്നതും പ്രകൃതിതന്നെ രൂപപ്പെടുത്തുന്നതുമായ പലതരം ജലസംരക്ഷണ രീതികളുണ്ട്. അവ മേൽമണ്ണ് നഷ്ടപ്പെടാതിരിക്കാനും, മഴജലം കുത്തിയൊഴുകി ഒന്നിച്ചുപോകാതിരിക്കാനും സഹായിക്കുന്നു. പുൽമേടുകളിൽ നിന്ന് കലങ്ങിയ വെള്ളം ഒഴുകാറില്ല. ചെറിയ നീർച്ചാലുകൾ മുതൽ കൈത്തോടുകൾവരെയും ഇരുകരകളിലും നീരൊഴുക്കിനെ പതിയെ പ്രതിരോധിക്കാനും പരമാവധി ജലം മണ്ണിൽ നിലനിർത്താനും തിങ്ങിയ ചെറുവേരുകളുള്ള അരിപ്പകളോടെ പുൽവർഗങ്ങളും, നന്മുളകളും, കൈതകളും പിന്നെ ജലപ്രവാഹം കൂടുന്നതോടെ ആറ്റുവഞ്ചികളും ജലപ്രിയങ്ങളായ മറ്റു വൻമരങ്ങളും പ്രകൃതി അണിനിരത്തിയ സൈന്യ വ്യൂഹങ്ങൾപോലെ അനുസ്യൂതം അഭംഗുരം ജോലിതുടരുന്നു.

ഒഴുക്കുവെള്ളത്തോടൊപ്പം എന്നേക്കുമായി നഷ്ടപ്പെടുന്നത് കാലാന്തരങ്ങളായി രൂപപ്പെട്ട മേൽമൺപാളികൾ മാത്രമല്ല, അവയിൽ സകല ജീവജാലങ്ങൾക്കും ജീവഫലം നൽകാൻ മണ്ണിൽ മറഞ്ഞിരുന്ന് ശുഷ്കാന്തിയോടെ നിരന്തരം പ്രകൃതി നിയമങ്ങൾ നിറവേറ്റുന്ന സൂക്ഷ്മ ജീവികളുടെ ആവാസ വ്യവസ്ഥയും കൂടിയാണ്. മിത്രകീടങ്ങളും, മണ്ണിരകളും അവയുടെയെല്ലാം ജൈവികചക്രവുമാണ്. എത്ര വിചിത്രം? എത്ര ഭയാനകം?

കൃഷിയും ഒരു ജലസംരക്ഷണ പ്രവൃത്തിയാണ്. ഭൂമിയുടെ ചെരിവും, മണ്ണിന്റെ ഘടനയും ഇടപെടലിന്റെ ഇടവേളകളും, സസ്യങ്ങളുടെ ജൈവികചക്രവും, ജലലഭ്യതയും ശാസ്ത്രീയമായി അപഗ്രഥിച്ച് ചെയ്യുമെങ്കിൽ ഇവിടെയും വേരുപടലങ്ങളുടെ ഘടന ഒരു പ്രധാനഘടകമാകുന്നു. ചെറു ചെരിവുള്ള കുന്നിൻപുറങ്ങൾ, മണ്ണിൽ നിന്ന് പെറുക്കിയ ചെറുമൃദുകല്ലുകൾ പാകിയടുക്കി മുകളിൽ മണ്ണുവിതറി കാലിപ്പുല്ലു വളർത്തിയിരുന്ന കൃഷിഭൂമികൾ ഇന്നത്തെ മുതിർന്ന തലമുറ ഗൃഹാതുരതയോടെ ഓർമ്മിക്കുമായിരിക്കും. പ്രകൃതിക്കിണങ്ങിയ പരസ്പരപൂരകമായ, ലളിതമായ ജലസംരക്ഷണ യജ്ഞം പുതുതലമുറയ്ക്ക് ഇതുകാണാൻ നീലഗിരിക്കുന്നുകളിലേക്ക് തീർത്ഥയാത്ര പോകാം. കാരറ്റും, ഉരുളക്കിഴങ്ങും ക്യാബേജും വിളയുന്ന, ആകാശത്തെ വണങ്ങുന്നതെന്നു തോന്നിപ്പിക്കുന്ന നയനമോഹനമായ കൃഷിഭൂമികളിലേക്ക്.

നീർത്തടങ്ങൾ രാഷ്ട്രീയമായ അതിർത്തികളിലൊതുങ്ങുന്നില്ല. മനുഷ്യരുടെ കൂട്ടങ്ങളെ അവ പരിഗണിക്കുന്നുപോലുമില്ല. കാരണം മനുഷ്യൻ രൂപപ്പെടുന്നതിനും അതീതകാലംമുതലേ

അവ ഇവിടെ, പ്രായേണ ഈ ഘടനയിൽത്തന്നെ ഉണ്ടായിരുന്നു. നീർത്തടങ്ങൾക്കു അവയുടെ സ്വാഭാവികമായ ആവാസവ്യവസ്ഥയോടാണ് പത്ഥ്യം. അതിനെ ദ്രോഹിക്കാത്തിടത്തോളം ഒരുപക്ഷേ മനുഷ്യനും അതിൽ ഉൾപ്പെട്ടേക്കാം. മനുഷ്യ നിർമ്മിതമായ പലതും നീർത്തടത്തിന്റെ സ്വാഭാവിക നിലനിൽപിനെതിരാണ്. അവ താമസ്ഥലങ്ങളാകാം, പാതകളാകാം അങ്ങനെയെന്തുമാകാം. പക്ഷികൾ സ്വയം നിർമ്മിക്കുന്ന കൂടുകളോ, മൃഗങ്ങൾ തിരഞ്ഞെടുക്കുന്ന ഗുഹകളോ ഏന്തു പരിസ്ഥിതി ആഘാതമാണുണ്ടാക്കുന്നത്.? സമതലങ്ങളിലെയും തീരഭൂമികളിലെയും വയൽനിലങ്ങൾ താഴ്നിലത്തെ താമസക്കാരുടെ അണക്കെട്ടുകളാണ്. പ്രകൃതിയെ ദ്രോഹിക്കാതെ മണ്ണിനാർദ്രതയേറ്റുന്ന ജലസംഭരണികൾ. ആർത്തലച്ചെത്തുന്ന പ്രളയപയോധിയിലെ, സസ്യജാലങ്ങൾക്കു പ്രാണനായ, എക്കൽമണ്ണിന്റെ സംരക്ഷകർ. വനാന്തരങ്ങളിൽ നിന്നും വർഷാവർഷം കർമ്മവിധിയെന്നപോലെയെത്തുന്ന ജൈവകണങ്ങൾ. ഇതിയൊരു തിരിച്ചുപോക്കില്ലാത്ത ദേശാടനം. താഴ്ന്നിലത്തെ താമസക്കാർ വലിയൊരു ജൈവിക ശൃംഖലയുടെ കണ്ണികളാണ്. പച്ചത്തവളകളും പരൽമീനുകളും വരാലുകളും മാനത്തുകണ്ണികളും നീർക്കോലികളും കുളക്കോഴികളും പരസഹസ്രം സൂക്ഷ്മജീവികളും അദൃശ്യജന്മങ്ങളും കൈതോലക്കാടിരമ്പുന്ന തോട്ടിറമ്പിൽ പാരസ്പര്യത്തോടെ ജൈവികചക്രം പൂർത്തിയാകുമ്പോൾ, പ്രകൃതിസ്നേഹിയായ ഏതൊരു മനുഷ്യനും ഇതിൽ കണ്ണിചേരാം.

സർവ്വംസഹയെന്ന് ക്രാന്തദർശികളായ പൂർവസൂരികൾ ഭൂമിയെവിളിച്ചത് ഈ കാലഘട്ടം കണ്ടിട്ടാവില്ല.

മാറ്റം ഇവിടെ ഇപ്പോൾ വേണമെന്നും ഇപ്പോൾത്തന്നെ തുടങ്ങണമെന്നും ബോധവും ബോധ്യവും നിറഞ്ഞ, തുറന്ന മനസ്സുള്ള, മാറാനും മാറ്റാനും നിശ്ചയദാർഢ്യമുള്ള ഒരു വലിയ കൂട്ടം മനുഷ്യരുടെ ഈ പഞ്ചായത്തിൽ, ഹരിതകേരളം പദ്ധതിയുടെ മണ്ണ്, ജല സംരക്ഷണ ഉപമിഷനുകീഴിൽ വിവിധ സർക്കാർ വകുപ്പുകളെയും സന്നദ്ധ പ്രവർത്തകരെയും എകോപിപ്പിച്ചുകൊണ്ട് ഒരു സാങ്കേതിക സമിതി രൂപീകരിക്കുകയും ആ സമിതിയുടെ നേതൃത്വത്തിൽ നമ്പിച്ച ജനപങ്കാളിത്തത്തോടെ വിവരശേഖരണങ്ങളും ക്രിയാത്മക ചർച്ചകളും നടത്തുകയും പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും ക്രോഡീകരിക്കുകയും ചെയ്തുകൊണ്ട് ഈ മാസ്റ്റർപ്ലാൻ തയ്യാറാക്കി.

## 1.2. മാസ്റ്റർപ്ലാൻ രൂപീകരണ പശ്ചാത്തലം

വികസനപ്രവർത്തനങ്ങളെ സുസ്ഥിരവും സ്ഥായിയുമായ നേട്ടങ്ങൾ ലഭിക്കുന്ന, പ്രകൃതിക്ക് കോട്ടങ്ങൾ സംഭവിക്കാത്ത പരിപ്രേക്ഷ്യത്തിലേക്ക് മാറ്റാൻ തിരഞ്ഞെടുക്കാവുന്ന ഏറ്റവും ഉത്തമമായ പ്രകൃതിദത്ത ഏകകമാണ് നീർത്തടം. ഈ ആശയത്തിലൂന്നി 2017 ഏപ്രിൽ 19 ലെ സ.ഉ(വി)നം. 10/2017/ആ. സ.വ പ്രകാരം സർക്കാർ മാർഗ്ഗരേഖ പുറപ്പെടുവിച്ച് ഉത്തരവായിട്ടുണ്ട്. ഇതനുസരിച്ച് 2018 ഏപ്രിൽ 23 ന് താമരശ്ശേരി പഞ്ചായത്ത് തലത്തിൽ വിവിധ വകുപ്പ്കളുടെ പ്രതിനിധികളും സന്നദ്ധ പ്രവർത്തകരും ചേർന്ന സാങ്കേതിക സമിതി രൂപീകരിച്ചു. പ്രസ്തുത യോഗത്തിൽതന്നെ പഞ്ചായത്ത് ഭരണസമിതി അംഗങ്ങളുടെ നേതൃത്വത്തിൽ ജലവിഭവ ഭൂപടം തയ്യാറാക്കുന്നതിന് പഠനം നടത്താനുള്ള വാർഡ്തല സമിതികളും രൂപീകരിക്കാൻ തീരുമാനിച്ചു. പഞ്ചായത്തുതല സാങ്കേതിക സമിതിയിൽ ജലസേചനം, മണ്ണ്സംരക്ഷണം, കൃഷി, തൊഴിലുറപ്പ്, തദ്ദേശഭരണം, കുടുംബശ്രീ എന്നീ വകുപ്പുകളിലെ സർക്കാർ നിർദ്ധേശപ്രകാരമുള്ള പ്രതിനിധികളും, ഈ വിഷയങ്ങളിൽ പ്രാഗത്ഭ്യമുള്ള സന്നദ്ധ പ്രവർത്തകരുമാണ് ഉൾപ്പെടുത്തപ്പെട്ടത്.

## 1.3 . പ്രവർത്തനങ്ങൾ

### 1.3.1. സാങ്കേതികസമിതി രൂപീകരണം

ഹരിതകേരളം ജലസംരക്ഷണ ഉപമിഷൻ മാർഗ്ഗരേഖയിലെ വിവരണപ്രകാരം വിവിധ വകുപ്പുകളുടെ പ്രതിനിധികളേയും, സാങ്കേതിക വിദഗ്ധരേയും നീർത്തട പരിസ്ഥിതി പ്രവർത്തകരേയും ഉൾപ്പെടുത്തി 2018 ഏപ്രിൽ 23 ന് സാങ്കേതിക സമിതി യോഗം ചേർന്നു.

### 1.3.2. വിവരശേഖരണം

ഗ്രാമപഞ്ചായത്തിന്റെ പഴയകാല ചരിത്രം, ഭൂപ്രകൃതിയും കാലാവസ്ഥയും, ഭൂമിയുടെ ഉപയോഗം, ജനസംഖ്യ, ആസ്തികൾ എന്നിവയെ സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്ത് രേഖകളിൽ നിന്നും, വിവിധ സർക്കാർ വകുപ്പുകളുടെ കാര്യാലയങ്ങളിൽ നിന്നും ശേഖരിച്ചു. തുടർന്ന് മുൻകൂട്ടി തീരുമാനിച്ച പ്രകാരം സംഘങ്ങളായി വിവിധ നീർത്തടങ്ങളിൽ നീർത്തട നടത്തം വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കി. വലിയതോടുകൾ, ചെറിയതോടുകൾ, നീർച്ചാലുകൾ, കുളങ്ങൾ, കിണറുകൾ എന്നിവയിൽ അടിയന്തിരമായി ഇടപ്പെടേണ്ടവയും, ദീർഘകാല പദ്ധതികളായി നടപ്പിലാക്കേണ്ടവയുമായി പ്രവർത്തനങ്ങളെ വേർതി

രിച്ചു. നീർത്തടങ്ങളുടെ കൃത്യമായ അതിരുകളും ഭൂപ്രകൃതി, മൺതരങ്ങൾ, ജലവിഭവങ്ങൾ കൃഷിരീതികൾ, പാരിസ്ഥിതിക പ്രശ്നങ്ങൾ , തരിശുഭൂമികൾ എന്നിവ നീർത്തട നടത്തത്തിൽ പ്രത്യേകം വിലയിരുത്തി. നിലവിലെ ജലസേചന നിർമ്മിതികളുടെ സ്ഥാനം, പുതുതായി ആവശ്യമായ നിർമിതികളുടെ സ്ഥാനം എന്നിവ രേഖപ്പെടുത്തി.

### 1.3.3 വിവരങ്ങളുടെ ക്രോഡീകരണം

കിട്ടിയ വിവരങ്ങൾ എല്ലാം ഉൾപ്പെടുത്തി ക്രോഡീകരിച്ചു. ഭരണസമിതിയുടെ അഭിപ്രായം പരിഗണിച്ച് പുനരുജ്ജീവിപ്പിക്കേണ്ടതും, പുതുതായി നിർമ്മിക്കേണ്ടതുമായ കുളങ്ങൾ, ചിറകൾ, തോടുകൾ, പൊതുകിണറുകൾ ഇവയുടെ മുൻഗണനാപട്ടിക തയ്യാറാക്കി. ഇവയിൽ നടത്തേണ്ട പ്രവർത്തനങ്ങൾ പരിശോധിച്ച് ഓരോ പദ്ധതിയും ഏത് വകുപ്പ്/വിഭാഗംവഴി നിർവ്വഹിക്കണമെന്ന് തീരുമാനിച്ചു.

### 1.3.4 നീർത്തട റിപ്പോർട്ട് അംഗീകരിക്കൽ

-ാം തീയതി ഗ്രാമപഞ്ചായത്ത് പ്രതിനിധികളുടെയും, സാങ്കേതിക സമിതി അംഗങ്ങളാടെയും സംയുക്ത യോഗം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിന്റെ നേതൃത്വത്തിൽ ചേർന്നു. നീർത്തട വികസന റിപ്പോർട്ട് സാങ്കേതിക സമിതി ൺംെവീനറുടെ നേതൃത്വത്തിൽ ഭരണസമിതിക്കു മുമ്പാകെ അവതരിപ്പിച്ചു. ഗ്രാമപഞ്ചായത്ത് കമ്മിറ്റി നീർത്തട റിപ്പോർട്ടിന് അംഗീകാരം നൽകി.

## 2. പൊതു വിവരങ്ങൾ

### 2.1. ലഘു വിവരണം

കോഴിക്കോട് ജില്ലയിലെ താമരശ്ശേരി താലൂക്കിൽ ദേശീയപാതക്ക് ഇരുവശവുമായി സ്ഥിതിചെയ്യുന്ന മനോഹരമായ ഭൂപ്രദേശമാണ് താമരശ്ശേരി പഞ്ചായത്ത്.

കൊടുവള്ളി ബ്ളോക്കിലെ. 27.17 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണമുള്ള പഞ്ചായത്തിന്റെ അതിരുകൾ വടക്ക് കട്ടിപ്പാറ, പുതുപ്പാടി, പഞ്ചായത്തുകളും, തെക്ക് കൊടുവള്ളി മുനിസിപ്പാലിറ്റിയും ഓമശ്ശേരി പഞ്ചായത്തും, കിഴക്ക് പുതുപ്പാടി, കോടഞ്ചരി പഞ്ചായത്തുകളും, പടിഞ്ഞാറ് കിഴക്കോത്ത്, ഉണ്ണികുളം പഞ്ചായത്തുകളുമാണ്. പ്രകൃതിരമണീയമായ വയനാടൻ മലമടക്കുകളിലൂടെ വളഞ്ഞുപുളഞ്ഞു പോകുന്ന മലമ്പാത

ഇന്ന് പുതുപ്പാടി പഞ്ചായത്തിലാണെങ്കിലും ചരിത്രത്തിൽ സ്ഥാനം പിടിച്ചിട്ടുള്ളത് താമരശ്ശേരിചുരം എന്ന പേരിലാണ്. ഇന്നത്തെ പുതുപ്പാടി പഞ്ചായത്ത്, പുനഃസംഘടനക്കു മുമ്പ് താമരശ്ശേരി പഞ്ചായത്തിലായിരുന്നു. മൈസൂർ രാജാവായിരുന്ന ടിപ്പുവിന്റെ പടയോട്ടത്തിൽ പടയാളികൾ താമരശ്ശേരി ചുരമിറങ്ങിയാണ് കോഴിക്കോട്ടെത്തിയത്.

1936-1937 ലാണ് താമരശ്ശേരി പഞ്ചായത്ത് നിലവിൽ വന്നത്. പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനങ്ങൾ മിക്കതും ഏകകണ്ഠമായിരുന്നു. അഭിപ്രായ വ്യത്യാസമുണ്ടാവുമ്പോൾ കൈ പൊക്കി വോട്ടു രേഖപ്പെടുത്തും. പഴശ്ശി രാജാവിന്റെ കുറിച്യർ പടയുടെ ദേശീയബോധവും, പയ്യമ്പള്ളി ചന്തുവിന്റെ വീരഗാഥകളും, ടിപ്പുവിന്റെ പടയോട്ടവും, മലബാർ ലഹളകാലത്തെ ബ്രിട്ടീഷ് പോലീസിന്റെ കാലൊച്ചകളും ഓർമ്മയിൽ സൂക്ഷിക്കുന്ന താമരശ്ശേരി പഞ്ചായത്തിലെ പഴമക്കാരുടെ മനസ്സിൽ നിറഞ്ഞുനിൽക്കുന്ന രണ്ടു പാതകളാണ് കോഴിക്കോട്- വൈത്തിരി-ഗൂഢല്ലൂർ റോഡും താമരശ്ശേരി - കണയകോട് റോഡും. അന്ന് കാളവണ്ടിച്ചാലുകൾ ആയിരുന്ന കോഴിക്കോട്-വൈത്തിരി റോഡ് കല്ലിട്ട് ടാർ ചെയ്ത് ചുരം വഴി ഗതാഗതം സജീവമായപ്പോൾ വാഹനങ്ങളിൽ നിന്ന് റോഡു നികുതി ഈടാക്കിയിരുന്ന സ്ഥലമാണ് താമരശ്ശേരി ചുങ്കം.

### 2.2 സാമൂഹ്യ സാംസ്ക്കാരിക ചരിത്രം

പഴയകാല മലബാർ ജില്ലയിലെ ആദ്യകാല പഞ്ചായത്തുകളിലൊന്നാണ് താമരശ്ശേരി. കൂറ്റൻ മലനിരകളുടെ താഴ്വര പ്രദേശമാകയാൽ താഴ്മലച്ചേരി എന്ന പഴയ പേര് കാലാന്തരത്തിൽ ലോപിച്ച് താമരശ്ശേരിയായതാണെന്ന് കരുതപ്പെടുന്നു. പഞ്ചായത്തിലെ കുന്നുകളും മലകളും നിറഞ്ഞ വടക്കുകിഴക്കൻ പ്രദേശങ്ങൾ, അര നൂറ്റാണ്ട് മുമ്പ് വന്യമൃഗങ്ങൾ യഥേഷ്ടം വിഹരിച്ചിരുന്ന വൻകാടുകളായിരുന്നു. കേരളപ്പിറവിക്കു മുമ്പുതന്നെ, പഴയ തിരുവിതാംകൂറിൽ നിന്നും എത്തിയ കുടിയേറ്റക്കാരാണ് കാടുകൾ വെട്ടി നാടുകളാക്കി മാറ്റിയത്. വടക്കൻ പ്രദേശങ്ങളിലൊന്നായ കട്ടിപ്പാറയിൽ അരനൂറ്റാണ്ടു മുമ്പു തന്നെ എത്തിച്ചേർന്ന് കുടിയേറ്റക്കാർ കാട്ടിൽ അന്തിയുറങ്ങാൻ കട്ടിലായി ഉപയോഗിച്ചിരുന്നത് വിശാലമായ ഒരു പാറയായിരുന്നു. ഈ കട്ടിൽപ്പാറ കാലക്രമത്തിൽ ലോപിച്ച് കട്ടിപ്പാറയായതാണെന്ന് പറയപ്പെടുന്നു. ഈ പാറ ഇപ്പോഴും ഇവിടെ കാണാം.

ഈ നൂറ്റാണ്ടിന്റെ ആദ്യ ദശകത്തിൽ താമരശ്ശേരിയിൽ സ്ഥാപിച്ച സർക്കാർ ആശുപത്രി അയൽപക്ക ദേശക്കാർക്കും ആശ്രയകേന്ദ്രമായി. പ്രശസ്ത വിഷവൈദ്യനും സ്വാതന്ത്ര്യ


സമരസേനാനിയും, ഗാന്ധിയനുമായിരുന്ന പിച്ചനാട്ട് രാമന്റെ അദ്ധ്യക്ഷതയിൽ 1946ൽ ചേർന്ന ഒരു സഹൃദയ യോഗമാണ് താമരശ്ശേരി പബ്ളിക് ലൈബ്രറിക്ക് തുടക്കം കുറിച്ചത്. ശതാബ്ദിയോടടുത്തു നിൽക്കുന്ന താമരശ്ശേരി ഗവ.യു.പി.സ്കൂളാണ് ഇവിടുത്തെ ആദ്യ വിദ്യാലയം. കോഴിക്കോട് കഴിഞ്ഞാൽ വയനാട് റോഡിലുള്ള ഏക വിദ്യാലയവും ഇതായിരുന്നു. ഈ കാലത്ത് പള്ളിപ്പുറത്ത്പണിക്കരാശാൻ നടത്തിയിരുന്ന ഒരു എഴുത്തുപള്ളിക്കൂടം ഉണ്ടായിരുന്നു. ഈ പള്ളിക്കൂടമാണ് പിൽക്കാലത്ത് പള്ളിപ്പുറം എ.എൽ.പി. സ്കൂളായി മാറിയത്. താമരശ്ശേരി ആഴ്ചചന്ത പ്രധാന കച്ചവടകേന്ദ്രമായിരുന്നു. കുടിയേറ്റമേഖലയിൽ നിന്നും കൃഷിക്കാർ ചന്തയിലെത്തി തങ്ങളുടെ ഉല്പന്നങ്ങൾ വിറ്റ് ഒരാഴ്ചത്തേക്കുള്ള വിഭവങ്ങളുമായി തിരിച്ചുപോകുമായിരുന്നു. 1945ൽ ഭക്ഷ്യക്ഷാമം രൂക്ഷമായപ്പോൾ മലബാറിൽ അരിക്കും തുണിക്കും റേഷൻ ഏർപ്പെടുത്തിയിരുന്നു. മലബാർ കലാപസമയത്ത് ഈ പ്രദേശം മതസൌഹാർദ്ദത്തിന് ഉത്തമ മാതൃകയായിരുന്നു. കലാപം ഇവിടെ ബാധിച്ചില്ലെങ്കിലും ഭയപ്പെട്ട ഹിന്ദുക്കൾ പലരും വീടൊഴിഞ്ഞു പോയപ്പോൾ തങ്ങളുടെ വീടും സ്വത്തുക്കളും മുസ്ളീം സഹോദരങ്ങളെയാണ് സൂക്ഷിക്കാനേല്പ്പിച്ചിരുന്നത്. അവർ തിരിച്ചെത്തിയപ്പോൾ തങ്ങളുടെ വസ്തുവകകളൊക്കെ സുരക്ഷിതമായി തിരിച്ചുകിട്ടുകയും ചെയ്തു. താമരശ്ശേരിയിലെ പഴയകാലത്തെ പാരമ്പര്യ കുടിൽ വ്യവസായങ്ങൾ എന്നു പറയാവുന്നത് പായ, തലക്കുട, കൊട്ട, വട്ടി തുടങ്ങിയവയുടെ നിർമ്മാണമായിരുന്നു.

ആളുകൾ കൂട്ടമായി തലച്ചുമടായും, നിരനിരയായ കാളവണ്ടികളിലും കാര്ഷിക ഉല്പന്നങ്ങൾ പത്തൊമ്പത് മൈൽ അകലെയുള്ള കോഴിക്കോട് വലിയങ്ങാടിയിൽ എത്തിച്ചിരുന്നു. അക്കാലങ്ങളിൽ കാടുകളിൽ നിന്ന് വെട്ടുന്ന തടികൾ തിരപ്പ (മരങ്ങൾ കൂട്ടിക്കെട്ടി)യായി പുനൂർ പുഴ വഴിയും, കൂടത്തായ് പുഴ വഴിയും മര വ്യവസായത്തിന് പ്രശസ്തിയാര്ജ്ജിച്ച കല്ലായിയിൽ എത്തിച്ചിരുന്നു.

തിരുകൊച്ചി പ്രദേശത്തു നിന്നും 1940കളിൽ മലയോര മേഖലകളിലേക്കുള്ള കുടിയേറ്റമാണ് ഈ ഗ്രാമത്തിന്റെ മറ്റൊരു സവിശേഷത.


| ശരാശരി മഴലഭ്യത (മില്ലി മീറ്ററിൽ) | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| വർഷം / മാസം | 2005 | 2006 | 2007 | 2008 | 2009 | 2010 | 2011 | 2012 | 2013 | 2014 | 2015 | 2016 | 2017 | 2018 |
| ജനുവരി | 8.8 | 0 | 0.4 | 0 | 0 | 2.4 | 3.4 | 0 | 0 | 0.1 | 0 | 0 | 1.6 | 0 |
| ഫെബ്രുവരി | 6.8 | 0 | 0 | 3.8 | 0 | 0 | 0 | 0.2 | 11.0 | 0 | 0 | 0 | 0 | 0.2 |
| മാർച്ച് | 0 | 48.6 | 0 | 164.8 | 17.0 | 0 | 0 | 0 | 37.6 | 9.8 | 18.8 | 0 | 65.0 | 27.0 |
| ഏപ്രിൽ | 158.8 | 48.8 | 155.6 | 88.4 | 78.5 | 71.4 | 127.0 | 145.0 | 4.2 | 43.4 | 136.8 | 52.6 | 40.4 | 67.4 |
| മെയ് | 95.2 | 662.4 | 334.2 | 72.0 | 259.6 | 138.6 | 107.0 | 11.4 | 224.0 | 186.2 | 253.3 | 171.6 | 117.4 | 495.6 |
| ജൂൺ | 857.6 | 1006.6 | 936.9 | 827.8 | 558.2 | 1014.2 | 989.8 | 566.2 | 1318.8 | 471.0 | 581.5 | 553.9 | 616.8 | 943.8 |
| ജൂലായ് | 897.4 | 632.6 | 1383.2 | 594.2 | 1390.0 | 764.0 | 682.7 | 409.8 | 1035.0 | 964.6 | 508.1 | 565.0 | 513.6 | 1007.0 |
| ആഗസ്റ്റ് | 210.2 | 483.6 | 712.0 | 294.6 | 236.0 | 324.6 | 564.0 | 546.2 | 417.2 | 663.8 | 217.2 | 236.0 | 462.6 | 788.4 |
| സപ്റ്റംബർ | 419.6 | 680.2 | 711.6 | 441.2 | 305.8 | 297.6 | 448.4 | 260.8 | 315.6 | 348.4 | 196.8 | 101.8 | 446.0 | 35.2 |
| ഒക്ടോബർ | 216.2 | 281.40 | 332.9 | 579.8 | 302.6 | 430.6 | 150.0 | 213.8 | 218.6 | 249.2 | 329.8 | 44.8 | 169.2 | 223.8 |
| നവംബർ | 178.6 | 147.4 | 78.2 | 38.0 | 369.8 | 414.2 | 156.8 | 113.4 | 186.2 | 101.8 | 207.8 | 14.2 | 134.6 | |
| ഡിസംബർ | 52.8 | 0 | 0.4 | 1.8 | 45.2 | 27.0 | 0 | 0 | 9.4 | 4.2 | 60.4 | 7.0 | 3.2 | |
| ആകെ | 3102 | 3991.6 | 4645.4 | 3106.4 | 3562.7 | 3484.6 | 3229.1 | 2266.8 | 3777.6 | 3042.5 | 2510.5 | 1746.9 | 2570.4 | 3588.4 |

ചെറു നീർത്തട ഭൂപടം





| Watershed Name | Priority | W/S code | Area (ha) |
|---|---|---|---|
| Karivaramkandy I | Low | 24C7l | 599 |
| Karivaramkandy II | Low | 24C7k | 382.2 |
| Kolikkal | High | 26K26y | 727.7 |
| Koorimunda | Low | 24C7j | 555.9 |
| Palakkal | Low | 24C7m | 445 |
| Thachampoyil | Medium | 26K26aa | 586.1 |
| Vattakkundu thodu | High | 24C7i | 893.8 |

## വാർഡ് ഭൂപടം



N
MAP OF THAMARASSERY GRAMA PANCHYATH AS PER
WARD DELIMINATION OF 2010
Polling station
TALUK H.Q
POLICE STATION
VILLAGE OFFICE
PANCHAYATH OFFICE
COURT COMPLEX
TALUK HOSPITAL
SH
NH
KATTIPPARA GRAMA PANCHAYATH
UNNIKULAM PANCHAYATH
KATTIPPARA GRAMA PANCHAYATH
OMASSERY PANCHAYATH
KODUVALLY PANCHAYATH
NH.212
SH
പൂനൂർ പുഴ
ഇരുതുള്ളി പുഴ
1. തേക്കിൻതോട്ടം
2. വട്ടക്കൊരു
3. കോരങ്ങാട്
4. ചുങ്കം നോർത്ത്
5. ചുങ്കം സൗത്ത്
6. വെഴുപ്പൂര്
7. താമരശ്ശേരി
8. കാരാടി
9. കൂടിക്കിലുമ്മാരം
10. അണ്ടോണ
11. രാരോത്ത്
12. പരപ്പൻപൊയിൽ ഈസ്റ്റ്
13. പരപ്പൻപൊയിൽ വെസ്റ്റ്
14. ചെമ്പ്ര
15. കെടവൂർ
16. ഈർപ്പോണ
17. തച്ചംപൊയിൽ
18. പള്ളിപ്പുറം
19. അവേലം

ഭൂമിയുടെ തരം തിരിച്ചുള്ള ഉപയോഗ ഭൂപടം

## Thamarassery




കൃഷി ഇനങ്ങൾ-




26%
6%
16%
1%
1%
1%
1%
2%
2%
2%
14%
29%
ARECANUT[2%]
BARREN ROCKY/STONY WASTE/SHEET ROCK[2%]
BUILT-UP LAND WITH MIXED CROPS[14%]
COCONUT[29%]
COCONUT DOMINANT MIXED CROPS[2%]
CURRENT FALLOW[1%]
LAND WITH SCRUB[1%]
MIXED CROPS[16%]
PADDY[1%]
ROAD[1%]
RUBBER[26%]
Others [6%]

മണ്ണിനങ്ങൾ-

## Thamarassery




ഭൂജല ഭൂപടം-


Thamarassery
Placenames
Watershed
Groundwater
Very good to good
Moderate
Poor
Water body
AMBAYATHODE
KORANGAD
KAJIRAPPALLY
THACHAMPOYIL
POMUKKU
UNNIKKULAM
CHUNGAM JUNCTION
VAADI NOOR
THAMARASSERY
KARADI JUNCTION
KUDUKKILMARAM
CHUNDALAMUKKU
ANDONA
PARAPPANPOYIL JUNCTION
PARAPPANPOYIL
N

തോടുകളും പുഴകളും- ഭൂപടം

## Thamarassery



താമരശ്ശേരി ഗ്രാമപഞ്ചായത്ത്
നീർത്തടങ്ങളും വാർഡുകളും

| ക്രമ നം | നീർത്തടത്തിന്റെ പേര് | നമ്പർ | വാർഡുകൾ |
|---|---|---|---|
| 1 | കരിവാരംകണ്ടി-1 | 24c71 | 2 (ഭാഗം), 3.4.5(ഭാഗം),7(ഭാഗം) |
| 2 | കരിവാരംകണ്ടി-2 | 24c7k | 6,8(ഭാഗം), 9(ഭാഗം), 11(ഭാഗം) |
| 3 | കോളിക്കൽ | 26k264 | 1,2(ഭാഗം) |
| 4 | കൂരിമുണ്ട | 24c7j | 7(ഭാഗം),,8(ഭാഗം), 10(ഭാഗം), 15(ഭാഗം), 17(ഭാഗം) |
| 5 | പാലക്കൽ | 24c7m | 6,9(ഭാഗം) |
| 6 | തച്ചംപൊയിൽ | 26k26aa | 16, 17(ഭാഗം), 18, 19(ഭാഗം) |
| 7 | വട്ടക്കുണ്ട് തോട് | 24c7i | 10(ഭാഗം), 11(ഭാഗം), 12,13,14,15(ഭാഗം) |

നീർത്തടങ്ങൾ

## 1) കരിവാരൻകണ്ടി-1 നീർത്തടം.

പഞ്ചായത്തലെ 2,3,4,5,7 എന്നീ വാർഡുകൾ മുഴുവനായോ ഭാഗികമായോ ഈ നീർത്തടത്തിൽ ഉൾപ്പെടുന്നു.

അതിരുകൾ.

വടക്ക് - കട്ടിപ്പാറ ഗ്രാമപഞ്ചായത്ത്
കിഴക്ക്- കട്ടിപ്പാറ ഗ്രാമപഞ്ചായത്ത്
തെക്ക്- കരിവാരം കണ്ടി-2, കൂരിമുണ്ട നീർത്തടങ്ങൾ
പടിഞ്ഞാറ് - കോളിക്കൽ, കൂരിമുണ്ട നീർത്തടങ്ങൾ

കാലാവസ്ഥ

മിത ശീതോഷ്ണ കാലാവസ്ഥ. വർഷത്തിൽ ഏഴുമാസം മുതൽ എട്ടു മാസം വരെ മഴ ലഭിക്കുന്നു.

മൺതരങ്ങളും ഭൂവിനിയോഗവും

പ്രധാന മണ്ണിനങ്ങൾ

1. ചെങ്കൽ മണ്ണ്
2. എക്കൽ മണ്ണ്
3. മണൽ മണ്ണ്

കൃഷി

നെല്ല്, മരച്ചീനി, വാഴ പച്ചക്കറികൾ

**നീർത്തടത്തിലെ പ്രശ്നങ്ങൾ**

1. മണ്ണ്
   1. ഉയർന്ന പ്രദേശങ്ങളിൽ നിന്നും ശക്തമായ മണ്ണൊലിപ്പ്)
   2. ചരിവ് കൂടിയ പ്രദേശങ്ങളിൽ നടത്തുന്ന അശാസ്ത്രീയമായ കൃഷി രീതികൾ
   3. ജലാശയങ്ങളിൽ മാലിന്യം കെട്ടിക്കിടക്കുന്നു.
   4. അഴുക്കു ജലം ജല ശ്രോതസ്സ്കളിലേക്ക് ഒഴുക്കി വിടുന്നു.
   5. പാർശ്വങ്ങൾ സംരക്കഷിതമല്ലാത്തത് മുലമുള്ള മണ്ണിടിച്ചിലും, മണ്ണടിയലും

2. കുടിവെള്ളം-
   1 ഉയരം കൂടിയ പ്രവ്വശങ്ങളിൽ) വേനൽ കാല്ത്ത് കുടിവെള്ള ക്ഷാമം
   2 കിണറുകൾ വേനൽ കാലത്തു വറ്റി വരളുന്നു,

3. പരിസ്ഥിതി
   1 കുന്നുകൾ ഇടിച്ച് പാടങ്ങൾ നികത്തുന്നത്.
   2 തോടുകളുടെ വശം കെട്ടിയെടുത്ത് മണ്ണ് നിറക്കുന്നത്. തന്മൂലം തോടുകളുടെ സ്വാഭാവിക വീതി കുറയുകയും ജല സംഭരണ ശേഷി ക്രമാതീതമായി കുറയുകയും ചെയ്യ്ുന്നു.
   3 പ്ളാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ജലാശയങ്ങളിൽ അടിഞ്ഞുകൂടി ഉപരിതല ജലം മലിനപ്പെടുന്നു.

4. നീർത്തടങ്ങളിലെ ഇടപെടലുകൾ
   1. കാർഷിക മേഖല
   ജലസംരക്ഷണ പ്രവർത്തനങ്ങളിലൂടെ കൂടുതൽ ജലസേചന സൗകര്യങ്ങൾ ഒരുക്കി, കൃഷി മെച്ചപ്പെടുത്തുക.
   2. മണ്ണ്-ജല-ജൈവ സമ്പത്ത്.
   മൺ കയ്യാലകൾ നിർമ്മിക്കുക, നിലവിലുള്ളവ മെച്ചപ്പെടുത്തുക. കയ്യാലകളിൽ കാലിപ്പുല്ല്, കൈത, രാമച്ചം മുതലായവ വെച്ചു പിടിപ്പിക്കുക, ഇതുവഴി മണ്ണൊലിപ്പ് തടയുകയും മണ്ണിന്റെ ജലസംഭരണ ശേഷി വർദ്ദിപ്പിക്കുകയും ചെയ്യുന്നു.

   2. തെങ്ങുകൾക്ക് പുതയിടൽ പ്രോത്സാഹിപ്പിക്കുക

   3. ചെരിവ് കൂടിയ സ്ഥലങ്ങളിൽ മണ്ണ് സംരക്ഷണ/കൃഷി വിഭാഗങ്ങളുടെ ഉപദേശത്തോടെ മാത്രം കൃഷി നടപ്പിലാക്കുക.

4. മണ്ണ്- ജലസംരക്ഷണത്തിനായി മഴക്കുഴികൾ, താൽക്കാലിക തടയണകൾ എന്നിവ നിർമ്മിക്കുക.

3. കുടിവെള്ളം

1. കിണറുകൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി മഴവെള്ളം സംഭരിക്കാൻ സജ്ജമാക്കുക.

2. തിരസ്ചീന മൺ കയ്യാലകൾ നിർമ്മിക്കുക. ഭൂമി തട്ടു തിരിച്ച് നീരൊഴുക്ക് സാവധാനപ്പെടുത്തുക.

3. മഴക്കുഴികൾ ഉപയോഗപ്പെടുത്തുക.

നീർത്തടത്തിൽ നിർദ്ദേശിക്കുന്ന പ്രവൃത്തികൾ

| ക്രമ നമ്പർ | പ്രവൃത്തി | വാർഡ് | സ്ഥാനം | മതിപ്പു ചിലവ് | ഏജൻസി |
|---|---|---|---|---|---|
| 1 | കട്ടിപ്പാറ- താമരശ്ശേരി അതിർത്തിയിൽ പൂനൂർ പുഴയിൽ തടയണ | 2 | | 50,00,000 | ജലസേചന വകുപ്പ് |
| 2 | പൊതുകിണർ പുനരുദ്ധാരണം - ചുങ്കം അങ്ങാടിക്ക് കിഴക്ക് ഭാഗം വയനാട് റോഡ് | 5 | | 1,00,000 | തദ്ദേശ സ്വയംഭരണ വകുപ്പ് |
| 3 | അുണ്ടോളി കുളം പാർശ്വ സംരക്ഷണം/ നവീകരണം (20മീ,20 മീ,3മീ കയർ ഭൂവസ്ത്രം/ പുല്ല്/ പടവ് | 7 | | 3,00,000 | തദ്ദേശ സ്വയംഭരണ വകുപ്പ് |
| 4 | കൊയിലോത്ത് ചിറ പുനരുദ്ധാരണം | | | 4,50,000 | തദ്ദേശ സ്വയംഭരണ വകുപ്പ് |
| 5 | അൂന്നാം തോടിന്റെ ഉദ്ഭവസ്ഥാനത്ത് 150 മീറ്റർ തോടിന്റെ സംരക്ഷണഭിത്തി നിർമ്മാണം | 3 | | 4,50,000 | തദ്ദേശ സ്വയംഭരണ വകുപ്പ് |
| 6 | മൂന്നാം തോട്- വാഴ്വേ | 3 | | 1,50,000 | തൊഴിലുറപ്പ് |

| | | | | | |
|---|---|---|---|---|---|
| | ന്പറ്റ കുളം-1 10 മീ 7 മീ 2 മീ വലുപ്പം കൂട്ടി സംരക്ഷിക്കൽ (കയർ ഭൂവസ്ത്രം | | | | |
| 7 | മൂന്നാം തോട്- വാഴേ ന്പറ്റ കുളം-2 10 മീ 7 മീ 2 മീ വലുപ്പം കൂട്ടി സംരക്ഷിക്കൽ (കയർ ഭൂവസ്ത്രം | 3 | | 1,50,000 | തൊഴിലുറപ്പ് |
| 8 | പാപ്പനംപൊയിലിൽ മൂന്നാം തോടിനു തട യണ നിർമ്മാണം (3മീ 0.9മീ) | 3 | 11.26.2.59 | 3,00,000 | ജലസേചനവ കുപ്പ് |
| 9 | കോരങ്ങാട് കയ്യേരി ക്കൽ തോട് (1500 മീ) പാർശ്വ സംരക്ഷണം (കയർ ഭൂവസ്ത്രം) | 3 | | 2,50,000 | തൊഴിലുറപ്പ് |

മണ്ണു സംരക്ഷണ വകുപ്പ് നിർദ്ദേശിക്കുന്ന പ്രവൃത്തികൾ

| ക്രമ നമ്പർ | പ്രവൃത്തി | മതിപ്പു ചിലവ് | ഏജൻസി |
|---|---|---|---|
| 1 | കൽ കയ്യാല(12000 മീ) | 18,00,000 | മണ്ണ് സംരക്ഷണ വകുപ്പ്/ തൊഴിലുറപ്പ് |
| 2 | മൺ കയ്യാല (1000 മീ | 65,000 | മണ്ണ് സംരക്ഷണ വകുപ്പ്/ തൊഴിലുറപ്പ് |
| 3 | പുല്ലു വളർത്തൽ (3000 മീ) | 30,000 | മണ്ണ് സംരക്ഷണ വകുപ്പ്/ തൊഴിലുറപ്പ് |
| 4 | ചെടി വളർത്തൽ (800 എണ്ണം) | 2,00,000 | മണ്ണ് സംരക്ഷണ വകുപ്പ്/ തൊഴിലുറപ്പ് |
| 5 | ചെറു നീർച്ചാൽ തട യണ 60 എണ്ണം) | 4,50,000 | മണ്ണ് സംരക്ഷണ വകുപ്പ്/ തൊഴിലുറപ്പ് |

## 2. കരിവാരൻകണ്ടി-2 നീർത്തടം (24 c7k)

പഞ്ചായത്തിലെ 6,8,9,11 എന്നീ വാർഡുകൾ മുഴുവനായോ ഭാഗികമായോ ഈ നീർത്തടത്തിൽ ഉൾപ്പെടുന്നു.

അതിരുകൾ.

വടക്ക് - കരിവാരൻ കണ്ടി-1 നീർത്തടം

കിഴക്ക്- പാലക്കൽ നീർത്തടം

തെക്ക്- ഓമശ്ശേരി പഞ്ചായത്ത്

പടിഞ്ഞാറ് - കൂരിമുണ്ട നീർത്തടം

കാലാവസ്ഥ

മിത ശീതോഷ്ണ കാലാവസ്ഥ. വർഷത്തിൽ ഏഴുമാസം മുതൽ എട്ടു മാസം വരെ മഴ ലഭിക്കുന്നു.

മൺതരങ്ങളും  ഭൂവിനിയോഗവും

പ്രധാന മണ്ണിനങ്ങൾ

4. ചെങ്കൽ മണ്ണ്
5. എക്കൽ മണ്ണ്
6. മണൽ മണ്ണ്

കൃഷി

നെല്ല്, മരച്ചീനി, വാഴ പച്ചക്കറികൾ

നീർത്തടത്തിലെ പ്രശ്നങ്ങൾ

5. മണ്ണ്
    6. ഉയർന്ന പ്രദേശങ്ങളിൽ നിന്നും ശക്തമായ മണ്ണൊലിപ്പ്)
    7. ചരിവ് കൂടിയ പ്രദേശങ്ങളിൽ നടത്തുന്ന അശാസ്ത്രീയമായ കൃഷി രീതികൾ
    8. ജലാശയങ്ങളിൽ മാലിന്യം കെട്ടിക്കിടക്കുന്നു.
    9. അഴുക്കു ജലം ജല ശ്രോതസ്സ്കളിലേക്ക് ഒഴുക്കി വിടുന്നു.
    10. പാർശ്വങ്ങൾ സംരക്ഷിതമല്ലാത്തത് മുലമുള്ള മണ്ണിടിച്ചിലും, മണ്ണടിയലും
6. കുടിവെള്ളം-
    3 ഉയരം കൂടിയ പ്രവ്രശങ്ങളിൽ) വേനൽ കാല്ത്ത് കുടിവെള്ള ക്ഷാമം
    4 കിണറുകൾ വേനൽ കാലത്തു വറ്റി വരളുന്നു,

7. പരിസ്ഥിതി

4 കുന്നുകൾ ഇടിച്ച് പാടങ്ങൾ നികത്തുന്നത്.

5 തോടുകളുടെ വശം കെട്ടിയെടുത്ത് മണ്ണ് നിറക്കുന്നത്. തന്മൂലം തോടുകളുടെ സ്വാഭാവിക വീതി കുറയുകയും ജല സംഭരണ ശേഷി ക്രമാതീതമായി കുറയുകയും ചെയ്യ്ുന്നു.

6 പ്ളാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ജലാശയങ്ങളിൽ അടിഞ്ഞുകൂടി ഉപരിതല ജലം മലിനപ്പെടുന്നു.

8. നീർത്തടങ്ങളിലെ ഇടപെടലുകൾ

3. കാർഷിക മേഖല

ജലസംരക്ഷണ പ്രവർത്തനങ്ങളിലൂടെ കൂടുതൽ ജലസേചന സൗകര്യങ്ങൾ ഒരുക്കി, കൃഷി മെച്ചപ്പെടുത്തുക.

4. (1) മണ്ണ്-ജല-ജൈവ സമ്പത്ത്.

അൺ കയ്യാലകൾ നിർമ്മിക്കുക, നിലവിലുള്ളവ മെച്ചപ്പെടുത്തുക. കയ്യാലകളിൽ കാലിപ്പുല്ല്, കൈത, രാമച്ചം മുതലായവ വെച്ചു പിടിപ്പിക്കുക, ഇതുവഴി മണ്ണൊലിപ്പ് തടയുകയും മണ്ണിന്റെ ജലസംഭരണ ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

2. തെങ്ങുകൾക്ക് പുതയിടൽ പ്രോത്സാഹിപ്പിക്കുക

3. ചെരിവ് കൂടിയ സ്ഥലങ്ങളിൽ മണ്ണ് സംരക്ഷണ/കൃഷി വിഭാഗങ്ങളുടെ ഉപദേശത്തോടെ മാത്രം കൃഷി നടപ്പിലാക്കുക.

4. മണ്ണ്- ജലസംരക്ഷണത്തിനായി മഴക്കുഴികൾ, താൽക്കാലിക തടയണകൾ എന്നിവ നിർമ്മിക്കുക.

3. കുടിവെള്ളം

1. കിണറുകൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി മഴവെള്ളം സംഭരിക്കാൻ സജ്ജമാക്കുക.

2. തിരശ്ചീന മൺ കയ്യാലകൾ നിർമ്മിക്കുക. ഭൂമി തട്ടു തിരിച്ച് നീരൊഴുക്ക് സാവധാനപ്പെടുത്തുക.

3. മഴക്കുഴികൾ ഉപയോഗപ്പെടുത്തുക.

നീർത്തടത്തിൽ നിർദ്ദേശിക്കുന്ന പ്രവൃത്തികൾ

| ക്രമ നമ്പർ | പ്രവൃത്തി | വാർഡ് | സ്ഥാനം | മതിപ്പു ചിലവ് | ഏജൻസി |
|---|---|---|---|---|---|
| 1 | വെഴുപ്പൂർ അമ്പല ക്കുളം നവീകരണം (20 മീ 20 മീ 3.60 മീ) | 6 | | 3,00,000 | തദ്ദേശ സ്വയംഭരണ വകുപ്പ് |

| | | | | | |
|---|---|---|---|---|---|
| 2 | എളോത്ത് കണ്ടി മിച്ച ഭൂമി കിണർ ആഴം കൂട്ടി സംരക്ഷിക്കൽ | 6 | | 2,00,000 | തദ്ദേശ സ്വയംഭരണ വകുപ്പ് |
| 3 | എളോത്ത് കണ്ടി തോട് തെക്കുഭാഗം പാർശ്വ സംരക്ഷണം(75 മീ 2.5 മീ) | 6 | | 1,50,000 | തൊഴിലുറപ്പ് |

മണ്ണ് സംരക്ഷണ വകുപ്പ് നിർദ്ദേശിക്കുന്ന പ്രവൃത്തികൾ

| ക്രമ നമ്പർ | പ്രവൃത്തി | മതിപ്പു ചിലവ് | ഏജൻസി |
|---|---|---|---|
| 1 | കൽ കയ്യാല(5000 മീ) | 7,50,000 | മണ്ണ് സംരക്ഷണ വകുപ്പ്/ തൊഴിലുറപ്പ് |
| 2 | മൺ കയ്യാല (800 മീ | 50,000 | മണ്ണ് സംരക്ഷണ വകുപ്പ്/ തൊഴിലുറപ്പ് |
| 3 | പുല്ലു വളർത്തൽ (1000 മീ) | 10,000 | മണ്ണ് സംരക്ഷണ വകുപ്പ്/ തൊഴിലുറപ്പ് |
| 4 | ചെടി വളർത്തൽ (800 എണ്ണം) | 80,000 | മണ്ണ് സംരക്ഷണ വകുപ്പ്/ തൊഴിലുറപ്പ് |
| 5 | ചെറു നീർച്ചാൽ തട യണ 30 എണ്ണം) | 2,20,000 | മണ്ണ് സംരക്ഷണ വകുപ്പ്/ തൊഴിലുറപ്പ് |

## 3. കോളിക്കൽ നീർത്തടം.

പഞ്ചായത്തലെ 1,2 എന്നീ വാർഡുകൾ മുഴുവനായോ ഭാഗികമായോ ഈ നീർത്തടത്തിൽ ഉൾപ്പെടുന്നു.

അതിരുകൾ.

വടക്ക് - കട്ടിപ്പാറ പഞ്ചായത്ത്

കിഴക്ക്- കട്ടിപ്പാറ പഞ്ചായത്ത്, കരിവാരൻകണ്ടി നീർത്തടം

തെക്ക്- തച്ചംപൊയിൽ, കൂരിമുണ്ട നീർത്തടം

പടിഞ്ഞാറ് - ഉണ്ണികുളം പഞ്ചായത്ത്

കാലാവസ്ഥ

മിത ശീതോഷ്ണ കാലാവസ്ഥ. വർഷത്തിൽ ഏഴുമാസം മുതൽ എട്ടു മാസം വരെ മഴ ലഭിക്കുന്നു.

മൺതരങ്ങളും ഭൂവിനിയോഗവും

പ്രധാന മണ്ണിനങ്ങൾ

7. ചെങ്കൽ മണ്ണ്
8. എക്കൽ മണ്ണ്
9. മണൽ മണ്ണ്

കൃഷി

നെല്ല്, മരച്ചീനി, വാഴ പച്ചക്കറികൾ

നീർത്തടത്തിലെ പ്രശ്നങ്ങൾ

9. മണ്ണ് (
   11. ഉയർന്ന പ്രദേശങ്ങളിൽ നിന്നും ശക്തമായ മണ്ണൊലിപ്പ്)
   12. ചരിവ് കൂടിയ പ്രദേശങ്ങളിൽ നടത്തുന്ന അശാസ്ത്രീയമായ കൃഷി രീതികൾ
   13. ജലാശയങ്ങളിൽ മാലിന്യം കെട്ടിക്കിടക്കുന്നു.
   14. അഴുക്കു ജലം ജല ശ്രോതസ്സ്കളിലേക്ക് ഒഴുക്കി വിടുന്നു.
   15. പാർശ്വങ്ങൾ സംരക്കഷിതമല്ലാത്തത് മുലമുള്ള മണ്ണിടിച്ചിലും, മണ്ണടിയലും
10. കുടിവെള്ളം-
   5 ഉയരം കൂടിയ പ്രവ്വശങ്ങളിൽ) വേനൽ കാല്ത്ത് കുടിവെള്ള ക്ഷാമം
   6 കിണറുകൾ വേനൽ കാലത്തു വറ്റി വരളുന്നു,
11. പരിസ്ഥിതി
   7 കുന്നുകൾ ഇടിച്ച് പാടങ്ങൾ നികത്തുന്നത്.
   8 തോടുകളുടെ വശം കെട്ടിയെടുത്ത് മണ്ണ് നിറക്കുന്നത്. തന്മൂലം തോടുകളുടെ സ്വാഭാവിക വീതി കുറയുകയും ജല സംഭരണ ശേഷി ക്രമാതീതമായി കുറയു കയും ചെയ്യ്ുന്നു.
   9 പ്ളാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ജലാശയങ്ങളിൽ അടിഞ്ഞുകൂടി ഉപരി തല ജലം മലിനപ്പെടുന്നു.

12. നീർത്തടങ്ങളിലെ ഇടപെടലുകൾ
   5. കാർഷിക മേഖല
      ജലസംരക്ഷണ പ്രവർത്തനങ്ങളിലൂടെ കൂടുതൽ ജലസേചന സൗകര്യങ്ങൾ ഒരുക്കി, കൃഷി മെച്ചപ്പെടുത്തുക.
   6. (1) മണ്ണ്-ജല-ജൈവ സമ്പത്ത്.

അൺ കയ്യാലകൾ നിർമ്മിക്കുക, നിലവിലുള്ളവ മെച്ചപ്പെടുത്തുക. കയ്യാലകളിൽ കാലിപ്പുല്ല്, കൈത, രാമച്ചം മുതലായവ വെച്ചു പിടിപ്പിക്കുക, ഇതുവഴി മണ്ണൊലിപ്പ് തടയുകയും മണ്ണിന്റെ ജലസംഭരണ ശേഷി വർദ്ദിപ്പിക്കുകയും ചെയ്യുന്നു.

2. തെങ്ങുകൾക്ക് പുതയിടൽ പ്രോത്സാഹിപ്പിക്കുക

3. ചെരിവ് കൂടിയ സ്ഥലങ്ങളിൽ മണ്ണ് സംരക്ഷണ/കൃഷി വിഭാഗങ്ങളുടെ ഉപദേശത്തോടെ മാത്രം കൃഷി നടപ്പിലാക്കുക.

4. മണ്ണ്- ജലസംരക്ഷണത്തിനായി മഴക്കുഴികൾ, താൽക്കാലിക തടയണകൾ എന്നിവ നിർമ്മിക്കുക.

3. കുടിവെള്ളം

1. കിണറുകൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി മഴവെള്ളം സംഭരിക്കാൻ സജ്ജമാക്കുക.

2. തിരസ്ചീന മൺ കയ്യാലകൾ നിർമ്മിക്കുക. ഭൂമി തട്ടു തിരിച്ച് നീരൊഴുക്ക് സാവധാനപ്പെടുത്തുക.

3. മഴക്കുഴികൾ ഉപയോഗപ്പെടുത്തുക.

നീർത്തടത്തിൽ നിർദ്ദേശിക്കുന്ന പ്രവൃത്തികൾ

| ക്രമ നമ്പർ | പ്രവൃത്തി | വാർഡ് | സ്ഥാനം | മതിപ്പു ചിലവ് | ഏജൻസി |
|---|---|---|---|---|---|
| 1 | കണ്ടത്തിൽ പൂവൻതോട്ടം കണ്ടത്തിൽ പ്രദേശത്ത് പൂനൂർ പുഴയിൽ തടയണ നിർമ്മാണം | 1 | | 50,00,000 | ജലസേചനവകുപ്പ് |

മണ്ണു സംരക്ഷണ വകുപ്പ് നിരദ്ദേശിക്കുന്ന പ്രവൃത്തികൾ

| ക്രമ നമ്പർ | പ്രവൃത്തി | മതിപ്പു ചിലവ് | ഏജൻസി |
|---|---|---|---|
| 1 | കൽ കയ്യാല(20000 മീ) | 30,00,000 | മണ്ണ് സംരക്ഷണ വകുപ്പ്/ തൊഴിലുറപ്പ് |
| 2 | മൺ കയ്യാല (2000 മീ | 1,50,000 | മണ്ണ് സംരക്ഷണ വകുപ്പ്/ തൊഴിലുറപ്പ് |
| 3 | പുല്ലു വളർത്തൽ (4000 മീ) | 40,000 | മണ്ണ് സംരക്ഷണ വകുപ്പ്/ തൊഴിലുറപ്പ് |
| 4 | ചെടി വളർത്തൽ (2500 എണ്ണം) | 2,50,000 | മണ്ണ് സംരക്ഷണ വകുപ്പ്/ തൊഴിലുറപ്പ് |
| 5 | ചെറു നീർച്ചാൽ തടയണ (80 എണ്ണം) | 5,75,000 | മണ്ണ് സംരക്ഷണ വകുപ്പ്/ തൊഴിലുറപ്പ് |

## 4. കൂരിമുണ്ട നീർത്തടം

പഞ്ചായത്തലെ 8,10,15,17 എന്നീ വാർഡുകൾ മുഴുവനായോ ഭാഗികമായോ ഈ നീർത്തടത്തിൽ ഉൾപ്പെടുന്നു.

അതിരുകൾ.

വടക്ക് - കരിവാരൻകണ്ടി-1,കോളിക്കൽ നീർത്തടം

കിഴക്ക്- കരിവാരൻകണ്ടി-2 നീർത്തടം

തെക്ക്- ഓമശ്ശേരി പഞ്ചായത്ത്

പടിഞ്ഞാറ് - വട്ടക്കുന്ന് തോട് നീർത്തടം

കാലാവസ്ഥ

മിത ശീതോഷ്ണ കാലാവസ്ഥ. വർഷത്തിൽ ഏഴുമാസം മുതൽ എട്ടു മാസം വരെ മഴ ലഭിക്കുന്നു.

മൺതരങ്ങളും ഭൂവിനിയോഗവും

പ്രധാന മണ്ണിനങ്ങൾ

10. ചെങ്കൽ മണ്ണ്
11. എക്കൽ മണ്ണ്
12. മണൽ മണ്ണ്

കൃഷി

നെല്ല്, മരച്ചീനി, വാഴ പച്ചക്കറികൾ

നീർത്തടത്തിലെ പ്രശ്നങ്ങൾ

13. മണ്ണ് (
    16. ഉയർന്ന പ്രദേശങ്ങളിൽ നിന്നും ശക്തമായ മണ്ണൊലിപ്പ്)
    17. ചരിവ് കൂടിയ പ്രദേശങ്ങളിൽ നടത്തുന്ന അശാസ്ത്രീയമായ കൃഷി രീതികൾ
    18. ജലാശയങ്ങളിൽ മാലിന്യം കെട്ടിക്കിടക്കുന്നു.
    19. അഴുക്കു ജലം ജല ശ്രോതസ്സ്കളിലേക്ക് ഒഴുക്കി വിടുന്നു.
    20. പാർശ്വങ്ങൾ സംരക്ഷിതമല്ലാത്തത് മുലമുള്ള മണ്ണിടിച്ചിലും, മണ്ണടിയലും
14. കുടിവെള്ളം-
    7 ഉയരം കൂടിയ പ്രവ്വശങ്ങളിൽ) വേനൽ കാല്ത്ത് കുടിവെള്ള ക്ഷാമം

8 കിണറുകൾ വേനൽ കാലത്തു വറ്റി വരളുന്നു,

15. പരിസ്ഥിതി

10 കുന്നുകൾ ഇടിച്ച് പാടങ്ങൾ നികത്തുന്നത്.

11 തോടുകളുടെ വശം കെട്ടിയെടുത്ത് മണ്ണ് നിറക്കുന്നത്. തന്മൂലം തോടുകളുടെ സ്വാഭാവിക വീതി കുറയുകയും ജല സംഭരണ ശേഷി ക്രമാതീതമായി കുറയുകയും ചെയ്യ്ുന്നു.

12 പ്ളാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ജലാശയങ്ങളിൽ അടിഞ്ഞുകൂടി ഉപരിതല ജലം മലിനപ്പെടുന്നു.

16. നീർത്തടങ്ങളിലെ ഇടപെടലുകൾ

7. കാർഷിക മേഖല

ജലസംരക്ഷണ പ്രവർത്തനങ്ങളിലൂടെ കൂടുതൽ ജലസേചന സൗകര്യങ്ങൾ ഒരുക്കി, കൃഷി മെച്ചപ്പെടുത്തുക.

8. (1) മണ്ണ്-ജല-ജൈവ സമ്പത്ത്.

അൺ കയ്യാലകൾ നിർമ്മിക്കുക, നിലവിലുള്ളവ മെച്ചപ്പെടുത്തുക. കയ്യാലകളിൽ കാലിപ്പുല്ല്, കൈത, രാമച്ചം മുതലായവ വെച്ചു പിടിപ്പിക്കുക, ഇതുവഴി മണ്ണൊലിപ്പ് തടയുകയും മണ്ണിന്റെ ജലസംഭരണ ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

2. തെങ്ങുകൾക്ക് പുതയിടൽ പ്രോത്സാഹിപ്പിക്കുക

3. ചെരിവ് കൂടിയ സ്ഥലങ്ങളിൽ മണ്ണ് സംരക്ഷണ/കൃഷി വിഭാഗങ്ങളുടെ ഉപദേശത്തോടെ മാത്രം കൃഷി നടപ്പിലാക്കുക.

4. മണ്ണ്- ജലസംരക്ഷണത്തിനായി മഴക്കുഴികൾ, താൽക്കാലിക തടയണകൾ എന്നിവ നിർമ്മിക്കുക.

3. കുടിവെള്ളം

1. കിണറുകൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി മഴവെള്ളം സംഭരിക്കാൻ സജ്ജമാക്കുക.

2. തിരസ്ചീന മൺ കയ്യാലകൾ നിർമ്മിക്കുക. ഭൂമി തട്ടു തിരിച്ച് നീരൊഴുക്ക് സാവധാനപ്പെടുത്തുക.

3. മഴക്കുഴികൾ ഉപയോഗപ്പെടുത്തുക.

നീർത്തടത്തിൽ നിർദ്ദേശിക്കുന്ന പ്രവൃത്തികൾ

| ക്രമ നമ്പർ | പ്രവൃത്തി | വാർഡ് | സ്ഥാനം | മതിപ്പു ചിലവ് | ഏജൻസി |
|---|---|---|---|---|---|
| 1 | മുള്ളമ്പലം കുളം നവീകരണം (കയർ | 8 | | 1,00,000 | തൊഴിലുറപ്പ് |

| | | | | | |
|---|---|---|---|---|---|
| | ഭൂവസ്ത്രം, പുല്ല് 15മീ 15മീ 4 മീ | | | | |
| 2 | കുഞ്ഞോത്ത് കുളം നവീകരണം (കയർ ഭൂവസ്ത്രം) | 15 | | 75,000 | തൊഴിലുറപ്പ് |
| 3 | പായിച്ചിറ തോട് തടയണയും പാർശ്വ സംരക്ഷണവും (3മീ 1.50 മീ) | 10 | | 10,00,000 | ജലസേചനവകുപ്പ് |

മണ്ണു സംരക്ഷണ വകുപ്പ് നിർദ്ദേശിക്കുന്ന പ്രവൃത്തികൾ

| ക്രമ നമ്പർ | പ്രവൃത്തി | മതിപ്പു ചിലവ് | ഏജൻസി |
|---|---|---|---|
| 1 | കൽ കയ്യാല(12000 മീ) | 17,25,000 | മണ്ണ് സംരക്ഷണ വകുപ്പ്/ തൊഴിലുറപ്പ് |
| 2 | മൺ കയ്യാല (1000 മീ | 70,000 | മണ്ണ് സംരക്ഷണ വകുപ്പ്/ തൊഴിലുറപ്പ് |
| 3 | പുല്ലു വളർത്തൽ (3000 മീ) | 27,000 | മണ്ണ് സംരക്ഷണ വകുപ്പ്/ തൊഴിലുറപ്പ് |
| 4 | ചെടി വളർത്തൽ (1500 എണ്ണം) | 1,50,000 | മണ്ണ് സംരക്ഷണ വകുപ്പ്/ തൊഴിലുറപ്പ് |
| 5 | ചെറു നീർച്ചാൽ തടയണ (40എണ്ണം) | 5,70,000 | മണ്ണ് സംരക്ഷണ വകുപ്പ്/ തൊഴിലുറപ്പ് |

## 5. പാലക്കൽ നീർത്തടം

പഞ്ചായത്തലെ 6,9 എന്നീ വാർഡുകൾ മുഴുവനായോ ഭാഗികമായോ ഈ നീർത്തടത്തിൽ ഉൾപ്പെടുന്നു.

അതിരുകൾ.

വടക്ക് - കട്ടിപ്പാറ പഞ്ചായത്ത്

കിഴക്ക്- കോടഞ്ചേരി പഞ്ചായത്ത്

തെക്ക്- ഓമശ്ശേരി പഞ്ചായത്ത്, ചെറുപുഴ

പടിഞ്ഞാറ് - കരിവാരൻകണ്ടി-2 നീർത്തടം

കാലാവസ്ഥ

മിത ശീതോഷ്ണ കാലാവസ്ഥ. വർഷത്തിൽ ഏഴുമാസം മുതൽ എട്ടു മാസം വരെ മഴ ലഭിക്കുന്നു.

മൺതരങ്ങളും  ഭൂവിനിയോഗവും

പ്രധാന മണ്ണിനങ്ങൾ

13. ചെങ്കൽ മണ്ണ്
14. എക്കൽ മണ്ണ്
15. മണൽ മണ്ണ്

കൃഷി

നെല്ല്, മരച്ചീനി, വാഴ പച്ചക്കറികൾ

നീർത്തടത്തിലെ പ്രശ്നങ്ങൾ

17. മണ്ണ് (
    21. ഉയർന്ന പ്രദേശങ്ങളിൽ നിന്നും ശക്തമായ മണ്ണൊലിപ്പ്)
    22. ചരിവ് കൂടിയ പ്രദേശങ്ങളിൽ നടത്തുന്ന അശാസ്ത്രീയമായ കൃഷി രീതികൾ
    23. ജലാശയങ്ങളിൽ മാലിന്യം കെട്ടിക്കിടക്കുന്നു.
    24. അഴുക്കു ജലം ജല ശ്രോതസ്സ്കളിലേക്ക് ഒഴുക്കി വിടുന്നു.
    25. പാർശ്വങ്ങൾ സംരക്കഷിതമല്ലാത്തത് മൂലമുള്ള മണ്ണിടിച്ചിലും, മണ്ണടിയലും
18. കുടിവെള്ളം-
    9 ഉയരം കൂടിയ പ്രവ്വശങ്ങളിൽ) വേനൽ കാല്ത്ത് കുടിവെള്ള ക്ഷാമം
    10 കിണറുകൾ വേനൽ കാലത്തു വറ്റി വരളുന്നു,
19. പരിസ്ഥിതി
    13 കുന്നുകൾ ഇടിച്ച് പാടങ്ങൾ നികത്തുന്നത്.
    14 തോടുകളുടെ വശം കെട്ടിയെടുത്ത് മണ്ണ് നിറക്കുന്നത്. തന്മൂലം തോടുകളുടെ സ്വാഭാവിക വീതി കുറയുകയും ജല സംഭരണ ശേഷി ക്രമാതീതമായി കുറയുകയും ചെയ്യ്ുന്നു.
    15 പ്ളാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ജലാശയങ്ങളിൽ അടിഞ്ഞുകൂടി ഉപരിതല ജലം മലിനപ്പെടുന്നു.

20. നീർത്തടങ്ങളിലെ ഇടപെടലുകൾ
    9. കാർഷിക മേഖല
       ജലസംരക്ഷണ പ്രവർത്തനങ്ങളിലൂടെ കൂടുതൽ ജലസേചന സൗകര്യങ്ങൾ ഒരുക്കി, കൃഷി മെച്ചപ്പെടുത്തുക.
    10. (1) മണ്ണ്-ജല-ജൈവ സമ്പത്ത്.

11. മൺ കയ്യാലകൾ നിർമ്മിക്കുക, നിലവിലുള്ളവ മെച്ചപ്പെടുത്തുക. കയ്യാലകളിൽ കാലി പ്പുല്ല്, കൈത, രാമച്ചം മുതലായവ വെച്ചു പിടിപ്പിക്കുക, ഇതുവഴി മണ്ണൊലിപ്പ് തടയു കയും മണ്ണിന്റെ ജലസംഭരണ ശേഷി വർദ്ദിപ്പിക്കുകയും ചെയ്യുന്നു.

2. തെങ്ങുകൾക്ക് പുതയിടൽ പ്രോത്സാഹിപ്പിക്കുക

3. ചെരിവ് കൂടിയ സ്ഥലങ്ങളിൽ മണ്ണ് സംരക്ഷണ/കൃഷി വിഭാഗങ്ങളുടെ ഉപദേശ ത്തോടെ മാത്രം കൃഷി നടപ്പിലാക്കുക.

4. മണ്ണ്- ജലസംരക്ഷണത്തിനായി മഴക്കുഴികൾ, താൽക്കാലിക തടയണകൾ എന്നിവ നിർമ്മിക്കുക.

3. കുടിവെള്ളം

1. കിണറുകൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി മഴവെള്ളം സംഭരിക്കാൻ സജ്ജമാക്കുക.

2. തിരസ്ചീന മൺ കയ്യാലകൾ നിർമ്മിക്കുക. ഭൂമി തട്ടു തിരിച്ച് നീരൊഴുക്ക് സാവ ധാനപ്പെടുത്തുക.

3. മഴക്കുഴികൾ ഉപയോഗപ്പെടുത്തുക.

നീർത്തടത്തിൽ നിർദ്ദേശിക്കുന്ന പ്രവൃത്തികൾ

| ക്രമ നമ്പർ | പ്രവൃത്തി | വാർഡ് | സ്ഥാനം | മതിപ്പു ചിലവ് | ഏജൻസി |
|---|---|---|---|---|---|
| 1 | വൃന്ദാവൻ എസ്റ്റേറ്റ് കുളം നവീകരണം (30മീ 10മീ 2.50മീ) താമരശ്ശേരി-ഓമശ്ശേരി റോഡിനു കിഴക്കു ഭാഗം | 6 | | 5,00,000 | തദ്ദേശ സ്വയംഭരണ വകുപ്പ് |

മണ്ണ് സംരക്ഷണ വകുപ്പ് നിർദ്ദേശിക്കുന്ന പ്രവൃത്തികൾ

| ക്രമ നമ്പർ | പ്രവൃത്തി | മതിപ്പു ചിലവ് | ഏജൻസി |
|---|---|---|---|
| 1 | കൽ കയ്യാല(5000 മീ) | 7,20,000 | മണ്ണ് സംരക്ഷണ വകുപ്പ്/ തൊഴിലുറപ്പ് |
| 2 | മൺ കയ്യാല (1200 മീ | 75,000 | മണ്ണ് സംരക്ഷണ വകുപ്പ്/ തൊഴിലുറപ്പ് |
| 3 | പുല്ലു വളർത്തൽ (1000 മീ) | 90,000 | മണ്ണ് സംരക്ഷണ വകുപ്പ്/ തൊഴിലുറപ്പ് |
| 4 | ചെടി വളർത്തൽ (800 എണ്ണം) | 8,00,000 | മണ്ണ് സംരക്ഷണ വകുപ്പ്/ തൊഴിലുറപ്പ് |
| 5 | ചെറു നീർച്ചാൽ തട | 2,20,000 | മണ്ണ് സംരക്ഷണ വകുപ്പ്/ തൊഴിലുറപ്പ് |

| | | | |
|---|---|---|---|
| | യണ (30 എണ്ണം) | | |

## 6. തച്ചംപൊയിൽ നീർത്തടം

പഞ്ചായത്തിലെ 16,17,18,19 എന്നീ വാർഡുകൾ മുഴുവനായോ ഭാഗികമായോ ഈ നീർത്തടത്തിൽ ഉൾപ്പെടുന്നു.

അതിരുകൾ.

വടക്ക് - കോളിക്കൽ നീർത്തടം

കിഴക്ക്- വട്ടക്കുണ്ട് തോട് നീർത്തടം

തെക്ക്- കൊടുവള്ളി മുനിസിപ്പാലിറ്റി

പടിഞ്ഞാറ് - കിഴക്കോത്ത്, ഉണ്ണികുളം ഗ്രാമ പഞ്ചായത്തുകൾ

പ്രത്യേകത

ഈ നീർത്തടത്തിലെ കുളങ്ങളും കിണറുകളുംതോടുകളും വളരെ വേഗം വറ്റിപ്പോകുന്നു.

കാലാവസ്ഥ

മിത ശീതോഷ്ണ കാലാവസ്ഥ. വർഷത്തിൽ ഏഴുമാസം മുതൽ എട്ടു മാസം വരെ മഴ ലഭിക്കുന്നു.

മൺതരങ്ങളും ഭൂവിനിയോഗവും

പ്രധാന മണ്ണിനങ്ങൾ

16. ചെങ്കൽ മണ്ണ്
17. എക്കൽ മണ്ണ്
18. മണൽ മണ്ണ്

കൃഷി

നെല്ല്, മരച്ചീനി, വാഴ പച്ചക്കറികൾ

നീർത്തടത്തിലെ പ്രശ്നങ്ങൾ

21. മണ്ണ് (
26. ഉയർന്ന പ്രദേശങ്ങളിൽ നിന്നും ശക്തമായ മണ്ണൊലിപ്പ്)
27. ചരിവ് കൂടിയ പ്രദേശങ്ങളിൽ നടത്തുന്ന അശാസ്ത്രീയമായ കൃഷി രീതികൾ
28. ജലാശയങ്ങളിൽ മാലിന്യം കെട്ടിക്കിടക്കുന്നു.

29. അഴുക്കു ജലം ജല ശ്രോതസ്സ്കളിലേക്ക് ഒഴുക്കി വിടുന്നു.

30. പാർശ്വങ്ങൾ സംരക്കഷിതമല്ലാത്തത് മുലമുള്ള മണ്ണിടിച്ചിലും, മണ്ണടിയലും

22. കുടിവെള്ളം-

11 ഉയരം കൂടിയ പ്രവ്വശങ്ങളിൽ) വേനൽ കാല്ത്ത് കുടിവെള്ള ക്ഷാമം

12 കിണറുകൾ വേനൽ കാലത്തു വറ്റി വരളുന്നു,

23. പരിസ്ഥിതി

16 കുന്നുകൾ ഇടിച്ച് പാടങ്ങൾ നികത്തുന്നത്.

17 തോടുകളുടെ വശം കെട്ടിയെടുത്ത് മണ്ണ് നിറക്കുന്നത്. തന്മുലം തോടുകളുടെ സ്വാഭാവിക വീതി കുറയുകയും ജല സംഭരണ ശേഷി ക്രമാതീതമായി കുറയുകയും ചെയ്യ്ുന്നു.

18 പ്ളാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ജലാശയങ്ങളിൽ അടിഞ്ഞുകൂടി ഉപരിതല ജലം മലിനപ്പെടുന്നു.

24. നീർത്തടങ്ങളിലെ ഇടപെടലുകൾ

12. കാർഷിക മേഖല

ജലസംരക്ഷണ പ്രവർത്തനങ്ങളിലൂടെ കൂടുതൽ ജലസേചന സൗകര്യങ്ങൾ ഒരുക്കി, കൃഷി മെച്ചപ്പെടുത്തുക.

13. (1) മണ്ണ്-ജല-ജൈവ സമ്പത്ത്.

അൺ കയ്യാലകൾ നിർമ്മിക്കുക, നിലവിലുള്ളവ മെച്ചപ്പെടുത്തുക. കയ്യാലകളിൽ കാലിപ്പുല്ല്, കൈത, രാമച്ചം മുതലായവ വെച്ചു പിടിപ്പിക്കുക, ഇതുവഴി മണ്ണൊലിപ്പ് തടയുകയും മണ്ണിന്റെ ജലസംഭരണ ശേഷി വർദ്ദിപ്പിക്കുകയും ചെയ്യുന്നു.

2. തെങ്ങുകൾക്ക് പുതയിടൽ പ്രോത്സാഹിപ്പിക്കുക

3. ചെരിവ് കൂടിയ സ്ഥലങ്ങളിൽ മണ്ണ് സംരക്ഷണ/കൃഷി വിഭാഗങ്ങളുടെ ഉപദേശത്തോടെ മാത്രം കൃഷി നടപ്പിലാക്കുക.

4. മണ്ണ്- ജലസംരക്ഷണത്തിനായി മഴക്കുഴികൾ, താൽക്കാലിക തടയണകൾ എന്നിവ നിർമ്മിക്കുക.

3. കുടിവെള്ളം

1. കിണറുകൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി മഴവെള്ളം സംഭരിക്കാൻ സജ്ജമാക്കുക.

2. തിരസ്ചീന മൺ കയ്യാലകൾ നിർമ്മിക്കുക. ഭൂമി തട്ടു തിരിച്ച് നീരൊഴുക്ക് സാവധാനപ്പെടുത്തുക.

3. മഴക്കുഴികൾ ഉപയോഗപ്പെടുത്തുക.

നീർത്തടത്തിൽ നിർദ്ദേശിക്കുന്ന പ്രവൃത്തികൾ

| ക്രമ നമ്പർ | പ്രവൃത്തി | വാർഡ് | സ്ഥാനം | മതിപ്പു ചിലവ് | ഏജൻസി |
|---|---|---|---|---|---|
| 1 | കണ്ണിയേരുപ്പിൽ കുളം പുനരുജ്ജീവനം കോൺക്രീറ്റ് ബണ്ട് 20മീ 6 മീ 2.00 മീ) | 16 | | 6,00,000 | തദ്ദേശ സ്വയം ഭരണ വകുപ്പ് |
| 2 | കണ്ണിയേരുപ്പിൽ 5 ഏക്രയിൽ മൺ കയ്യാല | 16 | | 2.50,000 | മണ്ണുസംരക്ഷണം-തൊഴിലുറപ്പ് |
| 3 | പൂന്തോട്ടം പൊയിൽ ക്വാറി കുളങ്ങൾ-1 മണ്ണ് നീക്കം ചെയ്യൽ 1-(100മീ 30 മീ 8 മീ) 2- | 16 | | 10,00,000 | തൊഴിലുറപ്പ് |
| 4 | പുത്തൻ തെരു പ്രദേശത്ത് മൺ കയ്യാല പുനരുദ്ധാരണം (5 ഏക്ര) | 17 | | 2,50,000 | മണ്ണ് സംരക്ഷണം, തൊഴിലുറപ്പ്. |
| 5 | നിരുവം പാറ മൺ കയ്യാല നിർമ്മാണം 3 ഏക്ര | 17 | | 1,50,000 | മണ്ണ് സംരക്ഷണം, തൊഴിലുറപ്പ്. |
| 6 | നരൂട്ടിൽ കുളം (6മീ 3 മീ) പാർശ്വഭിത്തി സംരക്ഷണം (കയർഭൂവസ്ത്രം) | 17 | | 50,000 | തൊഴിലുറപ്പ് |
| 7 | പൂനൂർ ജുമാ മസ്ജിദ് കുളം വൃഷ്ടി പ്രദേശത്ത് മൺകയ്യാല നിർമ്മാണം ( 1എക്ര) | 19 | | 50,000 | മണ്ണ് സംരക്ഷണം, തൊഴിലുറപ്പ്. |

മണ്ണ് സംരക്ഷണ വകുപ്പ് നിർദ്ദേശിക്കുന്ന പ്രവൃത്തികൾ

| ക്രമ നമ്പർ | പ്രവൃത്തി | മതിപ്പു ചിലവ് | ഏജൻസി |
|---|---|---|---|
| 1 | കൽ കയ്യാല(15000 മീ) | 22,00,000 | മണ്ണ് സംരക്ഷണ വകുപ്പ്/ തൊഴിലുറപ്പ് |
| 2 | മൺ കയ്യാല (1000 മീ | 65,000 | മണ്ണ് സംരക്ഷണ വകുപ്പ്/ തൊഴിലുറപ്പ് |

| | | | |
|---|---|---|---|
| 3 | പുല്ലു വളർത്തൽ (1000 മീ) | 9,000 | മണ്ണ് സംരക്ഷണ വകുപ്പ്/ തൊഴിലുറപ്പ് |
| 4 | ചെടി വളർത്തൽ (1500 എണ്ണം) | 1,50,000 | മണ്ണ് സംരക്ഷണ വകുപ്പ്/ തൊഴിലുറപ്പ് |
| 5 | ചെറു നീർച്ചാൽ തട യണ (30 എണ്ണം) | 2,20,000 | മണ്ണ് സംരക്ഷണ വകുപ്പ്/ തൊഴിലുറപ്പ് |

## 7. വട്ടക്കുണ്ട് തോട് നീർത്തടം

പഞ്ചായത്തിലെ 10,11,12,13,14,15 എന്നീ വാർഡുകൾ മുഴുവനായോ ഭാഗികമായോ ഈ നീർത്തടത്തിൽ ഉൾപ്പെടുന്നു.

അതിരുകൾ.

വടക്ക് - കൂരിമുണ്ട നീർത്തടം

കിഴക്ക്- കൂരിമുണ്ട നീർത്തടം

തെക്ക്- കൊടുവള്ളി മുനിസിപ്പാലിറ്റി

പടിഞ്ഞാറ് - തച്ചംപൊയിൽ നീർത്തടം

കാലാവസ്ഥ

മിത ശീതോഷ്ണ കാലാവസ്ഥ. വർഷത്തിൽ ഏഴുമാസം മുതൽ എട്ടു മാസം വരെ മഴ ലഭിക്കുന്നു.

മൺതരങ്ങളും ഭൂവിനിയോഗവും

പ്രധാന മണ്ണിനങ്ങൾ

19. ചെങ്കൽ മണ്ണ്
20. എക്കൽ മണ്ണ്
21. മണൽ മണ്ണ്

കൃഷി

നെല്ല്, മരച്ചീനി, വാഴ പച്ചക്കറികൾ

നീർത്തടത്തിലെ പ്രശ്നങ്ങൾ

25. മണ്ണ് (

31. ഉയർന്ന പ്രദേശങ്ങളിൽ നിന്നും ശക്തമായ മണ്ണൊലിപ്പ്)
32. ചരിവ് കൂടിയ പ്രദേശങ്ങളിൽ നടത്തുന്ന അശാസ്ത്രീയമായ കൃഷി രീതികൾ

33. ജലാശയങ്ങളിൽ മാലിന്യം കെട്ടിക്കിടക്കുന്നു.

34. അഴുക്കു ജലം ജല ശ്രോതസ്സ്കളിലേക്ക് ഒഴുക്കി വിടുന്നു.

35. പാർശ്വങ്ങൾ സംരക്കഷിതമല്ലാത്തത് മുലമുള്ള മണ്ണിടിച്ചിലും, മണ്ണടിയലും

26. കുടിവെള്ളം-

13 ഉയരം കൂടിയ പ്രവ്വശങ്ങളിൽ) വേനൽ കാല്ത്ത് കുടിവെള്ള ക്ഷാമം

14 കിണറുകൾ വേനൽ കാലത്തു വറ്റി വരളുന്നു,

27. പരിസ്ഥിതി

19 കുന്നുകൾ ഇടിച്ച് പാടങ്ങൾ നികത്തുന്നത്.

20 തോടുകളുടെ വശം കെട്ടിയെടുത്ത് മണ്ണ് നിറക്കുന്നത്. തന്മുലം തോടുകളുടെ സ്വാഭാവിക വീതി കുറയുകയും ജല സംഭരണ ശേഷി ക്രമാതീതമായി കുറയുകയും ചെയ്യ്ുന്നു.

21 പ്ളാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ജലാശയങ്ങളിൽ അടിഞ്ഞുകൂടി ഉപരിതല ജലം മലിനപ്പെടുന്നു.

28. നീർത്തടങ്ങളിലെ ഇടപെടലുകൾ

14. കാർഷിക മേഖല

ജലസംരക്ഷണ പ്രവർത്തനങ്ങളിലൂടെ കൂടുതൽ ജലസേചന സൗകര്യങ്ങൾ ഒരുക്കി, കൃഷി മെച്ചപ്പെടുത്തുക.

15. (1) മണ്ണ്-ജല-ജൈവ സമ്പത്ത്.

അൺ കയ്യാലകൾ നിർമ്മിക്കുക, നിലവിലുള്ളവ മെച്ചപ്പെടുത്തുക. കയ്യാലകളിൽ കാലിപ്പുല്ല്, കൈത, രാമച്ചം മുതലായവ വെച്ചു പിടിപ്പിക്കുക, ഇതുവഴി മണ്ണൊലിപ്പ് തടയുകയും മണ്ണിന്റെ ജലസംഭരണ ശേഷി വർദ്ദിപ്പിക്കുകയും ചെയ്യുന്നു.

2. തെങ്ങുകൾക്ക് പുതയിടൽ പ്രോത്സാഹിപ്പിക്കുക

3. ചെരിവ് കൂടിയ സ്ഥലങ്ങളിൽ മണ്ണ് സംരക്ഷണ/കൃഷി വിഭാഗങ്ങളുടെ ഉപദേശത്തോടെ മാത്രം കൃഷി നടപ്പിലാക്കുക.

4. മണ്ണ്- ജലസംരക്ഷണത്തിനായി മഴക്കുഴികൾ, താൽക്കാലിക തടയണകൾ എന്നിവ നിർമ്മിക്കുക.

3. കുടിവെള്ളം

1. കിണറുകൾ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി മഴവെള്ളം സംഭരിക്കാൻ സജ്ജമാക്കുക.

2. തിരസ്ചീന മൺ കയ്യാലകൾ നിർമ്മിക്കുക. ഭൂമി തട്ടു തിരിച്ച് നീരൊഴുക്ക് സാവധാനപ്പെടുത്തുക.

3. മഴക്കുഴികൾ ഉപയോഗപ്പെടുത്തുക.

നീർത്തടത്തിൽ നിർദ്ദേശിക്കുന്ന പ്രവൃത്തികൾ

| ക്രമ നമ്പർ | പ്രവൃത്തി | വാർഡ് | സ്ഥാനം | മതിപ്പു ചിലവ് | ഏജൻസി |
|---|---|---|---|---|---|
| 1 | വട്ടക്കുണ്ട് മുതൽ വാഴച്ചിറ വരെ (വി.സി.ബി മുതൽ ദേശീയപാത വരെ) തോടിന്റെ വശങ്ങൾ സംരക്ഷിക്കൽ (കയർഭൂവസ്ത്രം, പുല്ല്) (2000 മീ 5. മീ) | 11 | | 12,00,000 | തൊഴിലുറപ്പ് |
| 2 | മാട്ടുവായിൽ ക്ഷേത്രക്കുളം നവീകരണം, (കയർഭൂവസ്ത്രം, പുല്ല്) (12 മീ 8മീ 4 മീ) | 14 | | 50,000 | തൊഴിലുറപ്പ് |
| 3 | ഒട്ടക്കുണ്ട് കൈയ്യെലി തോട് കോരങ്ങാട്ട് വടക്കുവശം സംരക്ഷണം (3000 മീ, 2. മീ) (കയർഭൂവസ്ത്രം, പുല്ല്) | 14 | | 6,00,000 | തൊഴിലുറപ്പ് |
| 4 | കുഞ്ഞോത്ത് കുളം നവീകരണം പാർശ്വ സംരക്ഷണം (20 മീ 20 മീ 3,60 മീ ( കയർ ഭൂവസ്ത്രം, കരിങ്കൽ പടവ്) പൊതു ഉദ്യാനമാക്കി മാറ്റാവുന്നത്) | 15 | | 5,00,000 | തദ്ദേശ സ്വയംഭരണ വകുപ്പ്, തൊഴിലുറപ്പ് |

മണ്ണ് സംരക്ഷണ വകുപ്പ് നിർദ്ദേശിക്കുന്ന പ്രവൃത്തികൾ

| ക്രമ നമ്പർ | പ്രവൃത്തി | മതിപ്പു ചിലവ് | ഏജൻസി |
|---|---|---|---|
| 1 | കൽ കയ്യാല(25000 മീ) | 36,00,000 | മണ്ണ് സംരക്ഷണ വകുപ്പ്/ തൊഴിലുറപ്പ് |
| 2 | മൺ കയ്യാല (2000 മീ | 1,25,000 | മണ്ണ് സംരക്ഷണ വകുപ്പ്/ തൊഴിലുറപ്പ് |
| 3 | പുല്ലു വളർത്തൽ (4000 മീ) | 40,000 | മണ്ണ് സംരക്ഷണ വകുപ്പ്/ തൊഴിലുറപ്പ് |

| | | | |
|---|---|---|---|
| 4 | ചെടി വളർത്തൽ (2000 എണ്ണം) | 2,00,000 | മണ്ണ് സംരക്ഷണ വകുപ്പ്/ തൊഴിലുറപ്പ് |
| 5 | ചെറു നീർച്ചാൽ തട യണ (75 എണ്ണം) | 5,50,000 | മണ്ണ് സംരക്ഷണ വകുപ്പ്/ തൊഴിലുറപ്പ് |

**5. പരിസ്ഥിതി സ്വാധീന പഠനം**

ഏതൊരു വികസനപ്രക്രിയയും സ്വാഭാവിക പരിസ്ഥിതിയിൽ മാറ്റമുണ്ടാക്കും. അവയുടെ പരിമാണങ്ങളും ഗുണദോഷങ്ങളും വ്യത്യസ്തമായിരിക്കുമെന്നുമാത്രം. മനുഷ്യൻ പ്രകൃതിയുടെ ഭാഗമാണെങ്കിലും മറ്റു ജീവജാലങ്ങളിൽ നിന്ന് വ്യത്യസ്തമായി സാമ്പത്തിക / സാമൂഹിക/ സാംസ്കാരിക മേഖലകളിൽ പുരോഗതി നേടേണ്ടതും പ്രകൃതിനിയമമാണ് അതിനാൽ ഏതൊരു വികസന പദ്ധതിയും പ്രകൃതിയിൽ നടപ്പിലാക്കുമ്പോൾ അത് എത്രത്തോളം അനുകൂലമായും പ്രതികൂലമായും പ്രത്യക്ഷമായും പരോക്ഷമായും ഹ്രസ്വകാലത്തേക്കും ദീർഘകാലത്തേക്കും പരിസ്ഥിതിയൽ മാറ്റംവരുത്തും എന്നതിനെ കുറിച്ച് വിശദമായ പഠനം ആവശ്യമാണ്.

നീർത്തടാധിഷ്ഠിത വികസന രൂപരേഖയിൽ നിർദ്ദേശിച്ചിട്ടുള്ള പദ്ധതികൾക്ക് വിശദമായ പരിസ്ഥിതി ആഘാത പഠനം നടത്തേണ്ടതുണ്ടെന്ന് ഗ്രാമപഞ്ചായത്തു തല സാങ്കേതിക സമിതി നിഷ്കർഷിക്കുന്നു

ഒപ്പംതന്നെ കേരളത്തിന്റെ ഭൂപ്രകൃതിയിൽ വലിയ പരിസ്ഥിതി ആഘാതമുണ്ടാക്കുന്ന കരിങ്കൽ ഖനനം പരമാവധി കുറയ്ക്കുന്നതിനും തോടുകളുടെയും ചിറകളുടെയും വശങ്ങൾ കെട്ടി സംരക്ഷിക്കുന്നതിലൂടെ ഉണ്ടാകുന്ന പെട്ടെന്നുള്ള നീർവാർച്ചയും ജല നഷ്ടവും കഴിയുന്നത്ര ലഘൂകരിക്കുന്നതിനും കരിങ്കൽകെട്ടുകൾക്ക് പകരമായി രാമച്ചം, പലതരം പുല്ലുകൾ ഓടമുള എന്നിങ്ങനെ ജൈവസംരക്ഷണ ഭിത്തികളു, കയർഭൂവസ്ത്രം, മൺ കയ്യാലകൾ എന്നിവ വഴി പരമാവധി സ്വാഭാവിക പ്രതിരോധമാർഗ്ഗങ്ങളുപയോഗപ്പെടുത്തി ജലസംരക്ഷണം സാധ്യമാക്കാനാണ് ലക്ഷ്യമിടുന്നത്.

## 6. ഉപസംഹാരം

ഓരോ ഭൂപ്രദേശത്തെയും മണ്ണ് ജലസംരക്ഷണ പ്രവർത്തികൾ വിഭിന്നമായിരിക്കും ഈ പഞ്ചായത്തിലെ പ്രാധാന്യമർഹിക്കുന്നവ കൽ/മൺ കയ്യാലകളുടെ നിർമ്മാണവും, കയർഭുവസ്ത്രം, പുല്ല്/മുള എന്നിവ ഉപയോഗിച്ചുള്ള മണ്ണ്/ജല സംരക്ഷണവുമാണ്. മാലിന്യ നിർമ്മാർജ്ജനവും തരിശുഭൂമികൾ കൃഷി യോഗ്യമാക്കലും സർവോപരി ജലസംരക്ഷണത്തിന് അനന്തകാലത്തേക്കുള്ള അത്യന്താപേക്ഷികത സമൂഹത്തിലെ ഓരോ അംഗത്തെയും ബോധ്യപ്പെടുത്തി ഇതൊരു തുടർ പ്രക്രിയ ആക്കിത്തീർക്കലുമാണ്. ഇതുവഴി പ്രത്യാശാഭരിതമായ ഒരു നാളെ ഈ പഞ്ചായത്തിന് കൈവരുമെന്ന് പ്രതീക്ഷിക്കുന്നു.

## ഫോട്ടോകൾ




കണ്ണിയേരപ്പിൽ കുളം




പൂന്തോട്ടം പൊയിൽ ക്വാറി കുളം




നരൂക്കിൽ കുളം




പൂനൂർ ജുമാമസ്ജിദ് കുളം ആവേലം

